# ക്രൈസ്തവ വനിത

July - August 2020



A fundamental Christian bi-monthly publication of the women, by the women, for the family

2020
July - August

Volume XIII
Issue 4

# ക്രൈസ്തവ വനിത

## താളുകൾ മറിക്കുമ്പോൾ


- പരിതഃസ്ഥിതികളെ അതിജീവിക്കുന്ന ദൈവം – മേരി അഞ്ചൻ 1
- അമ്മായിയമ്മ മരുമകൾ ബന്ധം – എൽസി ബേബി 3
- പത്തു കന്യകമാർ – മോളിക്കുട്ടി ചാക്കോ 5
- യഹോവ ശമ്മ – മഹേശ്വരി പുരന്ദരൻ 8
- പുസ്തകം മാറ്റി എഴുതിയ നിരീശ്വരവാദികൾ – 1 – മേരി അഞ്ചൻ 10
- വിചാരങ്ങളും വിചാരപ്പെടലുകളും – ജെസി ബെൻസെൻ 11
- ചൊട്ടയിലെ ശീലം ചുടലവരെ – ഡോ. കുഞ്ഞുമോൻ ചാക്കോ 13
- മഹാമാരിയുടെ ഗതകാലചരിത്രത്തിൽ ക്രൈസ്തവ മിഷനറിയുടെ ഹൃദയസ്പർശിയായ സ്മരണ – പാസ്റ്റർ എ. ജെ. ജോൺ 16
- മഞ്ഞക്കുതിരയും മഹാമാരിയും – പാസ്റ്റർ ജോസഫ് ഇടക്കാട്ടിൽ 17
- ബാല്യത്തിന്റെ ദീനരോദനങ്ങൾ – ഡോ. ഉമ്മൻ ഫിലിപ്പ് 20
- കൊറോണാ: ഭയമല്ല വേണ്ടത് – ടി. കെ. മുസ്തഫ 22
- ദൈവജനവും കോവിഡ് മഹാമാരിയും – എം. എം. ആൻഡ്രൂസ് 24
- Quest -72 കവർ 4


ക്രൈസ്തവ വനിതയിൽ പ്രസിദ്ധപ്പെടുത്തുന്ന ലേഖനങ്ങളിലെ ആശയങ്ങളുടെ ഉത്തരവാദിത്തം ലേഖനകർത്താക്കൾക്കാണ്. - *എഡിറ്റർ*

ലേഖനങ്ങൾ, കത്തുകൾ എന്നിവ
**ക്രൈസ്തവ വനിത, ഗുഡ് ന്യൂസ്, ആക്കുളം റോഡ്, തിരുവനന്തപുരം 695011**
എന്ന വിലാസത്തിൽ സദയം അയയ്ക്കുക

**CHRISTIAN WOMAN**
*For private circulation only*

**Editorial Board**
Founder Editor
**Annamma Charles John**
Chief Editor
**Mrs. Mary Anchan**
Associate Editor
**Mrs. Sherine Kingston**
Sub Editor
**Mrs. Sobha Selin**

Telephone: 0471-2542870
E-mail: chasjohn@gnmindia.org
Mob: 9446548079

എഡിറ്റോറിയൽ



# പരിതഃസ്ഥിതികളെ അതിജീവിക്കുന്ന ദൈവം

**ഒ**രു കപ്പിത്താന്റെ മാനസാന്തരത്തിന്റെ അനുഭവകഥ അദ്ദേഹം ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു. ഒരിക്കൽ കാനഡായിലെ ന്യൂഫൌണ്ട്ലാൻഡിലെ (Newfoundland) സമുദ്രതീരത്ത് തന്റെ കപ്പൽ മഞ്ഞുകട്ടിയിൽ ഉറച്ച് മുമ്പോട്ടു പോകാൻ സാധിക്കാതെ 24 മണിക്കൂറുകളോളം കിടക്കയുണ്ടായി. അതേ കപ്പലിൽ ബ്രിസ്റ്റലിൽ നിന്നും കാനഡായിലെ ക്യൂബക്കി (Quebec) ലേക്ക് യാത്ര ചെയ്തിരുന്ന ജോർജ്ജ് മുള്ളർ എന്ന വിശ്വാസവീരനും ഉണ്ടായിരുന്നു. അദ്ദേഹം കപ്പിത്താനെ സമീപിച്ച്, “എനിക്ക് ശനിയാഴ്ച ക്യൂബക്കിൽ ഒരു മീറ്റിംഗ് ഉണ്ട്. അതിനുമുമ്പ് അവിടെ എത്തിച്ചേരണം” എന്നു പറഞ്ഞു. കപ്പിത്താൻ ഇപ്രകാരം മറുപടി പറഞ്ഞു, “ഞാൻ 24 മണിക്കൂറുകളായി ഇവിടെ നിന്നും മുമ്പോട്ടു പോകാൻ സാധിക്കാതെ, മഞ്ഞിൽ ഉറച്ചുകിടക്കുന്ന കപ്പലിൽ നിസ്സഹായനായി കഴിയുകയാണ്. മി. മുള്ളർ, യാതൊരു വിധത്തിലും ശനിയാഴ്ച അവിടെ എത്താൻ സാധ്യമല്ല”. മുള്ളർ ആകട്ടെ ഇപ്രകാരം പ്രത്യുത്തരം നല്കി. “ശരി, നിങ്ങളുടെ കപ്പലിന് എന്നെ അവിടെ എത്തിക്കുവാൻ സാധ്യമല്ലെങ്കിൽ, ദൈവം ഏതെങ്കിലും മാർഗ്ഗം എനിക്കായി തുറന്നു തരും. കഴിഞ്ഞ 57 വർഷങ്ങളിൽ ഒരൊറ്റ പരിപാടിയിൽപോലും സമയക്ലിപ്തത ലംഘിക്കാൻ ഇടയായിട്ടില്ല. ശരി. നമുക്ക് ഇവിടെ മുട്ടുകുത്തി പ്രാർത്ഥിക്കാം”. അസംഭവ്യമായ ഒരു കാര്യത്തിനു വേണ്ടിയാണ് പ്രാർത്ഥിക്കുന്നതെന്ന് വിശ്വസിച്ച കപ്പിത്താൻ മുള്ളറിനോട് ഇപ്രകാരം ചോദിച്ചു; “സാർ, എത്ര ആഴത്തിലാണ് മഞ്ഞുകട്ട ഉറഞ്ഞുകിടക്കുന്നതെന്ന് താങ്കൾക്ക് അറിയാമോ?”. മുള്ളർ ആകട്ടെ, “മഞ്ഞുകട്ടിയുടെ ആഴം എനിക്കറിഞ്ഞുകൂടാ, എന്നാൽ എന്റെ ജീവിതത്തിലെ സകലതും നിയന്ത്രിക്കുന്ന ദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു” എന്നിപ്രകാരം പറഞ്ഞ് പ്രാർത്ഥനയ്ക്കായി മുട്ടുകുത്തി. ഏറ്റവും ലളിതമായ രീതിയിൽ മഞ്ഞുമാറിക്കിട്ടുവാൻ പ്രാർത്ഥിച്ചു. അനന്തരം കപ്പിത്താൻ പ്രാർത്ഥിക്കാൻ ആരംഭിച്ചപ്പോൾ, മുള്ളർ അദ്ദേഹത്തിന്റെ പുറത്ത് മന്ദമായി സ്പർശിച്ചു. “നിങ്ങൾ പ്രാർത്ഥിക്കേണ്ട ആവശ്യമില്ല. അതിനു രണ്ടു കാരണങ്ങൾ ഉണ്ട്. ഒന്നാമത് എന്റെ പ്രാർത്ഥന ദൈവം കേട്ടിരിക്കുന്നു. രണ്ടാമതായി മഞ്ഞുമാറിക്കിട്ടുമെന്ന് നിങ്ങൾ വിശ്വസിക്കുന്നില്ല”. ഇപ്രകാരം പറഞ്ഞശേഷം, അദ്ദേഹം എഴുന്നേറ്റ് കപ്പിത്താനോട് വെളിയിലേക്കു നോക്കുവാൻ പറഞ്ഞു. അയാളുടെ ജീവിതത്തെ പാടെ വ്യത്യാസപ്പെടുത്തിയ ആ കാഴ്ച! അന്തരീക്ഷവും, സമുദ്രവും പ്രകാശമാനമായിരിക്കുന്നു. മഞ്ഞ് ഉരുകിത്തുടങ്ങി, കപ്പൽ മന്ദം മന്ദം ചലിക്കാൻ ആരംഭിച്ചു. അന്ന് കപ്പിത്താൻ മുള്ളറുടെ ദൈവത്തെ സ്വന്തമാക്കി.

മുള്ളർ ശനിയാഴ്ച മീറ്റിംഗിന്റെ സമയത്തിനു മുമ്പുതന്നെ ക്യൂബക്കിൽ എത്തിച്ചേർന്നു! പരിതഃസ്ഥിതികളെ അതിജീവിക്കുന്ന ദൈവാശ്രയം നമുക്ക് സമാധാനവും, പ്രത്യാശയും നല്കാൻ പര്യാപ്തമാണ്. വിശ്വാസികളായ നാം നമ്മുടെ ദുർഘടങ്ങളായ ചുറ്റുപാടുകളിൽ ഭ്രമിക്കേണ്ട ആവശ്യമില്ല. മനുഷ്യബുദ്ധിക്ക് അതീതമായ രീതിയിൽ നമ്മെ നടത്തുകയും, പരിപാലിക്കുകയും ചെയ്യുന്ന ദൈവത്തിനു സ്തോത്രം.

മോശെ യഹോവയുടെ കല്പനപ്രകാരം പന്ത്രണ്ടു ഗോത്രത്തലവന്മാരെ കനാൻ ഒറ്റുനോക്കാൻ അയയ്ക്കുകയുണ്ടായി. യഹോവ അബ്രഹാമിനോട് വാഗ്ദത്തം ചെയ്ത പ്രകാരം 'പാലും തേനും ഒഴുകുന്ന" ആ രാജ്യത്തെ സമൃദ്ധിയും ഫലഭൂപ്രദേശങ്ങളും അവർ കണ്ടു. ഒരു മുന്തിരിവള്ളിയിലെ മുന്തിരിക്കുലകളുടെ ഭാരത്താൽ ഒരു തണ്ടിന്മേൽ രണ്ടുപേർ വഹിച്ചുകൊണ്ടുപോകുകയാണ് ചെയ്തത്. എന്നാൽ ദേശവാസികളായ മല്ലന്മാരെകണ്ട് ഭയചകിതരായി മടങ്ങിവന്ന പത്തുപേർ യിസ്രായേലിന്റെ സർവ്വസഭയോടും ദുർവർത്തമാനം അറിയിച്ച്, ജനങ്ങൾ മോശെയ്ക്കും അഹരോനും വിരോധമായി സംഘം ചേർന്നു. അന്നത്തെ ലോകത്തിലെ ഏറ്റവും പ്രതാപവാനായിരുന്ന മിസ്രയീം രാജാവായ ഫറവോനെയും സൈന്യത്തെയും കൊന്നൊടുക്കി യിസ്രായേൽ മക്കളെ അത്ഭുതമാംവണ്ണം മിസ്രയീം അടിമത്തത്തിൽ നിന്നും വിടുവിച്ച ആ സർവ്വശക്തനായ യഹോവയെ ആശ്രയിക്കാതെ, ജനം സ്വന്തശക്തിയിൽ ആശ്രയിക്കാൻ ഒരുമ്പെട്ടു. അവർ കനാനിലെ അതികായന്മാരായ മല്ലന്മാരുടെമേൽ മാത്രം ദൃഷ്ടി പതിപ്പിച്ചു. എന്നാൽ യെഫുന്നെയുടെ മകൻ കാലേബും, നൂന്റെ മകൻ യോശുവയും യഹോവയിലേക്ക് ദൃഷ്ടി ഉറപ്പിച്ചു. അവൻ സർവ്വശക്തൻ, സൈന്യങ്ങളുടെ യഹോവ, അവന്റെ മുമ്പാകെ മല്ലന്മാർ ഏതുമില്ല എന്നു വിശ്വസിച്ചു. "നാം ചെന്ന് അതു കൈവശമാക്കുക. അതു ജയിപ്പാൻ നമുക്കു കഴിയും" എന്ന് പറഞ്ഞ് ജനത്തെ സമാധാനിപ്പിക്കാൻ ശ്രമിച്ചു. എന്നാൽ പത്തുപേര് യഹോവയിങ്കലേക്ക് ദൃഷ്ടിപതിക്കാതെ മല്ലന്മാരെയാണ് കണ്ടത്. അങ്ങനെ യിസ്രായേൽ പാളയത്തിൽ വിപ്ലവം സൃഷ്ടിച്ച് ബീഭത്സരംഗം സൃഷ്ടിച്ചവർ എല്ലാവരും കൊല്ലപ്പെട്ടു. അവരിൽ കാലേബും, യോശുവയും മാത്രം നാല്പതു വർഷക്കാലശേഷം വാഗ്ദത്തനാട്ടിൽ പ്രവേശിച്ചു എന്നു നാം കാണുന്നു (സംഖ്യ. 13, 14). ജോർജ്ജ് മുള്ളർ മഞ്ഞുകട്ടിയുടെ ആഴത്തെ ദർശിക്കാതെ, സകലത്തെയും നിയന്ത്രിക്കുന്ന യഹോവയായ ദൈവത്തെ പൂർണ്ണമായി വിശ്വസിച്ചു; അനുഗൃഹീതനായി. കനാനിലെ അതികായന്മാരായ മല്ലന്മാർ കാലേബിനും, യോശുവയ്ക്കും ഭീഷണി ആയിരുന്നില്ല. അവരുടെ ദൃഷ്ടി സർവ്വശക്തന്മേൽ ആയിരുന്നു; അങ്ങനെ വാഗ്ദത്തനാടിന് അവകാശികളായി ത്തീർന്നു.

വിശ്വാസികളായ നാം പലപ്പോഴും ചുറ്റുപാടുകളെ വീക്ഷിച്ച് പരിഭ്രാന്തരാകുന്നു. ഒരു വിധത്തിൽ പറഞ്ഞാൽ, ഇന്ന് ലോകം 'നിശ്ചല" മായിരിക്കുന്നു! ഭരണകർത്താക്കൾ, ശാസ്ത്രജ്ഞന്മാർ, ഗവേഷകർ, തത്വജ്ഞാനികൾ, പ്രകൃതിശാസ്ത്ര പഠിതാക്കൾ എന്നിങ്ങനെ ലോകംമുഴുവനും ഒരു വൈറസിന്റെ (Virus) മുമ്പിൽ പകെച്ചു നില്ക്കുകയാണ്! ലക്ഷക്കണക്കിന് ആളുകൾ വൈറസിന് ബലി ആയി; ചുരുക്കം ചിലർ ഭയവിഹ്വലരായി ആത്മഹത്യയും ചെയ്യുകയുണ്ടായി. എന്നാൽ, 'അത്യുന്നതന്റെ മറവിൽ വസിക്കയും, സർവ്വശക്തന്റെ നിഴലിൻകീഴിൽ പാർക്കുകയും ചെയ്യുന്ന" ദൈവമക്കൾക്ക് അവന്റെ വിശ്വസ്തതയും, സാന്നിധ്യവും, പ്രത്യാശയും, സമാധാനവും നല്കുവാൻ പര്യാപ്തമാണ്. നാം ചുറ്റുപാടുകളിൽ ഭ്രമിക്കാതെ സകലത്തെയും നിയന്ത്രിക്കുന്ന സർവ്വശക്തനിൽത്തന്നെ ദൃഷ്ടി ഉറപ്പിച്ച് അവനിൽ ആശ്രയിക്കുവാൻ കർത്താവു നമുക്കു കൃപ നല്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

**മേരി അഞ്ചൻ, തുംകൂർ**
ചീഫ് എഡിറ്റർ

*വായനക്കാരുടെ*
*അഭിപ്രായങ്ങളും നിർദ്ദേശങ്ങളും*
*ക്ഷണിച്ചുകൊള്ളുന്നു.*
*ചീഫ് എഡിറ്റർ*

# അമ്മായിയമ്മ മരുമകൾ ബന്ധം

എൽസി ബേബി, ന്യൂ യോർക്ക്



**പൊ**രുത്തമില്ലാത്ത ഒരമ്മായിയമ്മയും മരുമകളുമായി സംസാരിച്ചപ്പോൾ മരുമകൾ പറഞ്ഞത് 'ആന്റി, രൂത്തിനെ രൂത്താക്കിയത് നൊവൊമിയായിരുന്നു''! എന്നെ ഇരുത്തി ചിന്തിപ്പിച്ച ഈ വാക്കുകളാണ് ഈ ലേഖനമെഴുതുവാൻ പ്രേരിപ്പിച്ചത്. അവൾ പറഞ്ഞത് എത്ര വാസ്തവം! അപ്പത്തിന്റെ ഭവനമായ ബേത്‌ലഹേമിൽ നിന്നും, ഒരു ക്ഷാമം വന്നപ്പോൾ സമൃദ്ധിയായ ജീവിതത്തെ തേടി മോവാബിലേക്കു ഇറങ്ങിപ്പോയ ഒരു യഹൂദാകുടുംബത്തിന്റെ കഥയാണല്ലോ ബൈബിളിലെ രൂത്തിന്റെ പുസ്തകം. പ്രതീക്ഷിച്ചതിലും വിപരീതമായി സുഖത്തിനും, സമൃദ്ധിക്കും വേണ്ടി പോയ കുടുംബത്തിന്നുണ്ടായ തകർച്ച ഹൃദയഭേദകമായിരുന്നു. കുടുംബത്തിലെ പുരുഷപ്രജകളൊക്കെ (ഭർത്താവും രണ്ട് ആൺമക്കളും) അകാലചരമം പ്രാപിച്ചു അമ്മയും രണ്ടു മരുമക്കളും മാത്രം ശേഷിച്ചു. ''ആനന്ദം'' എന്നർത്ഥമുള്ള നൊവൊമി എന്ന സ്ത്രീ ദുഃഖത്തിന്റെയും കണ്ണുനീരിന്റേയും ഉടമയായിത്തീർന്നു. യഹൂദമര്യാദയ്ക്കു വിപരീതമായി വിഗ്രഹാരാധികളായി, മിത്ഥ്യാമൂർത്തികളെ ഭജിച്ചാരാധിക്കുന്ന ജീവനുള്ള ദൈവത്താൽ വെറുക്കപ്പെട്ട അന്യജാതിക്കാരായ പെൺകുട്ടികളെയായിരുന്നു യഹൂദാമക്കൾ വിവാഹം ചെയ്തത്. യാതൊരു വിധത്തിലും പൊരുത്തപ്പെടാൻ പറ്റാത്ത രണ്ടു മരുമക്കളും അമ്മായിയമ്മയും! നൊവൊമി തന്റെ ദേശത്തെക്കുറിച്ചും, സ്വജനത്തെക്കുറിച്ചും, അവർ ഭജിച്ചാരാധിക്കുന്ന ജീവനുള്ള ദൈവത്തെക്കുറിച്ചും, അവരുടെ പൂർവ്വപിതാക്കന്മാരെ മഹാത്ഭുതങ്ങളെ പ്രവർത്തിച്ച് മിസ്രയീമ്യ അടിമത്തത്തിൽ നിന്നും, വീണ്ടെടുത്തു രക്ഷിച്ച് 40 വർഷം മരുഭൂമിയിലൂടെ പോറ്റിപ്പുലർത്തി പാലും തേനും ഒഴുകുന്ന വാഗ്ദത്ത നാട്ടിലെത്തിച്ച കഥകളൊക്കെ  മരുമക്കളോടു വിവരിച്ചു പറഞ്ഞു. അവരുടെ ആരാധനാരീതികൾ, പെരുന്നാളുകൾ, ഉത്സവങ്ങൾ, യാഗങ്ങൾ, സമാഗമനകൂടാരം ഇവയൊക്കെ അന്യജാതിക്കാരിൽ നിന്നും ദേശക്കാരിൽ നിന്നും വിഭിന്നമായിരുന്നു. ജീവനുള്ള ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട ഒരു ശ്രേഷ്ഠജാതിയാണ് തങ്ങളുടേതെന്നും, അവർ ഭജിച്ചാരാധിക്കുന്ന ദൈവം സർവ്വശക്തനാണെന്നും മഹാത്ഭുതങ്ങളെ പ്രവർത്തിക്കുന്നവനാണെന്നും മറ്റും കേട്ടപ്പോൾ അവരുടെ ഭർത്താക്കന്മാരുടെ ദേശം കാണണമെന്നും അവരുടെ ആചാരാനുഷ്ഠാനങ്ങൾ തങ്ങളേക്കാൾ നല്ലതാണെന്നും ആ യുവതികൾക്കു ബോധ്യമായി. നൊവൊമിയുടെ രാവിലെയും വൈകിട്ടുമുള്ള  പ്രാർത്ഥനയും സ്നേഹവും പെരുമാറ്റങ്ങളും അവരെ ആകർഷിച്ചു. വേർപിരിയാനാവാത്ത  ഒരു ബന്ധം അവർ തമ്മിലുണ്ടായി. അവൾ തന്റെ സ്വദേശത്തേക്കു മടങ്ങിപോകുന്നു എന്നു പറഞ്ഞപ്പോൾ "ഞങ്ങളും പോരുന്നു: ഞങ്ങളെ കൈവിടരുത്. നിന്നെ പിരിഞ്ഞു ജീവിക്കാൻ ഞങ്ങൾക്കു സാദ്ധ്യമല്ല" എന്നായിരുന്നു അവർ പറഞ്ഞത്. എത്ര തടസ്സം പറഞ്ഞിട്ടും അവർ കൂട്ടാക്കാതെ ഒന്നിച്ചു യാത്രയായി. എന്നാൽ അവർക്കുണ്ടാകാൻ പോകുന്ന വൈഷമ്യങ്ങളെക്കുറിച്ച് വിവരിച്ചപ്പോൾ അവരിൽ ഇളയവൾ 'ഓർപ്പാ' മനസ്സില്ലാമനസ്സോടെ കരഞ്ഞു ചുംബിച്ചു മടങ്ങിപ്പോയി. പക്ഷെ മൂത്തവൾ രൂത്ത് എത്ര നിർബന്ധിച്ചിട്ടും അമ്മായിയമ്മയോടു പറ്റിനിന്നു. എന്തെല്ലാം കഷ്ട

നഷ്ടങ്ങൾ ഉണ്ടായാലും, സാരമില്ല, എല്ലാം സഹിച്ചോളാം എന്ന് അവൾ ഉറപ്പിച്ചു തറപ്പിച്ചു പറഞ്ഞു. നിന്റെ ദൈവത്തെയും, ദേശത്തെയും, ചാർച്ചക്കാരെയും, ആചാരനുഷ്ഠാനങ്ങളെയും എനിക്കും വേണം എന്ന് അവൾ നിർബന്ധിച്ചു പറഞ്ഞ് അമ്മായിയമ്മയോടൊപ്പം അന്യദേശത്തു പരദേശിയായി വെറുങ്കയ്യോടെ യാത്രയായി എന്നത് അതിശയമല്ലേ? അതിനുള്ള കാരണം "രൂത്തിനെ രൂത്താക്കിമാറ്റിയ നൊവൊമിയുടെ സ്നേഹവും, പെരുമാറ്റവും ജീവിതമാതൃകയുമാകുന്നു. സംശയിക്കേണ്ട!

പ്രിയസഹോദരിമാരെ, നമ്മുടെ ഭവനത്തിൽ വരുന്ന മരുമക്കളെ മക്കളായി കരുതി സ്നേഹിച്ച് കരുതി അംഗീകരിക്കുന്ന അമ്മായിയമ്മയായിത്തീരാൻ സാധിക്കയില്ലേ? ഒരിക്കൽ ഒരു മരുമകൾ പറഞ്ഞത് " അമ്മച്ചിക്ക് മക്കൾ എന്നോ മരുമക്കൾ എന്നോ ഒരു വ്യത്യാസവുമില്ല'' എന്നായിരുന്നു. എത്ര നല്ല സാക്ഷ്യം! നമ്മുടെ മക്കളുടെ ഭാര്യമാരായി വരുന്ന മരുമക്കളെ മക്കളായി കരുതി സ്നേഹിച്ച്, അംഗീകരിക്കും എന്ന ഉറച്ച തീരുമാനം അവരുടെ വിവാഹത്തിനു മുമ്പേതന്നെ എടുത്ത് അതിനായി പ്രാർത്ഥിക്കുക. യാതൊരു കാരണവശാലും അവരോട് അനിഷ്ടം തോന്നുമാറുള്ള സംസാരമോ പെരുമാറ്റമോ ഉണ്ടാകയില്ല എന്ന് ഉറപ്പു വരുത്തുക. അതിനായി ശ്രമിക്കയും ഇടവിടാതെ പ്രാർത്ഥിക്കയും വേണം. അതിനു ധാരാളം കൃപ ആവശ്യമാകുന്നു. "അമ്മായിയമ്മ മരുമകൾ ബന്ധം" ഉറപ്പാക്കി നല്ല സാക്ഷ്യം സമ്പാദിക്കണമെന്ന തീരുമാനമെടുക്കുക. അവരോടുള്ള നമ്മുടെ സ്നേഹവും, സംസാരവും പെരുമാറ്റങ്ങളും അവരെ നമ്മിലേക്കാകർഷിക്കത്തക്കതായിരിക്കണം. എല്ലാറ്റിലും ഉപരിയായി നമ്മുടെ വിശ്വാസം, പ്രാർത്ഥന, വചനപഠനം ഇവയെല്ലാം നമ്മുടെ ജീവിതത്തോടു പൊരുത്തപ്പെടത്തക്കവണ്ണമായിരിക്കണം. "വലിയ വിശ്വാസവും, പ്രാർത്ഥനയുമൊക്കെയുണ്ട് പക്ഷെ ജീവിതത്തിലില്ല" എന്നു പറയിക്കാനിടയാകരുത്. മരുമക്കൾക്കു വേണ്ടി പ്രാർത്ഥിക്കുക. തുറന്നു സംസാരിക്കുക. ജീവിതാനുഭവങ്ങൾ പങ്കുവയ്ക്കുക. യാതൊരു കാരണവശാലും അവരുടെ കുറ്റങ്ങൾ ഊതി വീർപ്പിച്ചു മറ്റുള്ളവരോടു പറയാതിരിക്കുക. അവരുടെ നല്ല വശങ്ങൾ മനസ്സിലാക്കി പുകഴ്ത്തി, പ്രശംസിച്ചു. മറ്റുള്ളവരോടു പറയുക. തെറ്റുകുറ്റങ്ങൾ കണ്ടാൽ വിമർശിക്കാതെ, വഴക്കു പറയാതെ, സ്നേഹത്തോടും, വാത്സല്യത്തോടും കൂടെ തിരുത്താൻ ശ്രമിക്കുക. പാചകം, കുടുംബത്തിലെ ചില രീതികൾ അവരെ പറഞ്ഞു മനസ്സിലാക്കി, കൃപയോടു കൂടെ പഠിപ്പിച്ചെടുക്കുക. എന്തെങ്കിലും ആവശ്യങ്ങളുണ്ടെങ്കിൽ മകനോടു പറയാതെ മരുമകളോടു പറയുക. മരുമകളുടെ കുറ്റങ്ങൾ അവരുടെ ഭർത്താക്കന്മാരോടു പറയരുത്. അത് അവരിൽ ഈർഷ്യ വരുത്തുകയും, പിന്നീട് ദോഷമായി പരിണമിക്കയും ചെയ്യും. അവരുടെ ജീവിതകാര്യങ്ങളിൽ തലയിടാൻ പോകരുത്. അവരുടെ ഇടയിലെ സ്വാതന്ത്ര്യത്തിനു തടങ്ങൽ പാറയാകരുത്. അവർ ചെയ്യുന്നതും പറയുന്നതുമെല്ലാം അറിയണം എന്ന ചിന്ത പാടില്ല. അവരുടെ രഹസ്യജീവിതത്തിനു തടസ്സമായ യാതൊരു പെരുമാറ്റവും, സംസാരവും, വിമർശനവും അങ്ങേയറ്റം ഒഴിവാക്കുക. അങ്ങനെ മറ്റുള്ളവർ ''അവർ ശരിക്കും നൊവൊമിയും രൂത്തും പോലെയാണെന്ന്" ആത്മാർത്ഥമായി പറയുവാനിടയാകട്ടെ. മറ്റുള്ളവർ അനുകരിക്കത്തക്ക അമ്മായിയമ്മ മരുമകൾ ബന്ധം ഉറപ്പാക്കുക. അതിൽ നിന്നും ലഭിക്കുന്ന സന്തോഷവും, സ്നേഹവും, സമാധാനവും നാം ഊഹിക്കുന്നതിനേക്കാളും ഉപരി ശ്രേഷ്ഠതയേറിയതായിരിക്കും. എന്റെ ജീവിതാനുഭവങ്ങളിലൂടെ പഠിച്ചതും, പ്രായോഗികമാക്കി സാക്ഷ്യം നേടിയതുമായ ജീവിതയാഥാർത്ഥ്യമാണു ഇതെഴുതുവാനുള്ള ധൈര്യവും പ്രാഗത്ഭ്യവും ഉണ്ടായതെന്നും കൂടെ ഓർപ്പിക്കുവാൻ ശങ്കിക്കുന്നില്ല. പ്രിയ വായനക്കാർ പ്രത്യേകം ശ്രദ്ധിച്ച് പ്രയോജനപ്പെടുത്തും എന്ന വിശ്വാസത്തോടും പ്രാർത്ഥനയോടും കൂടെ ഉപസംഹരിക്കട്ടെ! കർത്താവു കൃപ നല്കട്ടെ. ❑

# പത്തു കന്യകമാർ

മോളിക്കുട്ടി ചാക്കോ, കണ്ണൂർ



**മ**ത്തായി 25:1-4. 1 മുതൽ 13 വരെ വായിച്ചാൽ സ്വർഗ്ഗരാജ്യം മണവാളനെ എതിരേല്പാൻ വിളക്കു എടുത്തുംകൊണ്ടു പുറപ്പെട്ട പത്തു കന്യകമാരോടു സദൃശം ആകും. അവരിൽ അഞ്ചുപേർ ബുദ്ധിയില്ലാത്തവരും അഞ്ചു പേർ ബുദ്ധിയുള്ളവരും ആയിരുന്നു. ബുദ്ധിയില്ലാത്തവർ വിളക്കു എടുത്തപ്പോൾ എണ്ണ എടുത്തില്ല. ബുദ്ധിയുള്ളവരോ വിളക്കോടുകൂടെ പാത്രത്തിൽ എണ്ണയും എടുത്തു.

നമ്മുടെ ആത്മമണവാളന്റെ ആഗമനം കാത്തിരിക്കുന്ന സഭയാം മണവാട്ടിക്ക് നിനയാത്ത നാഴികയിൽ മണവാളനെ എതിരേല്ക്കുവാനുള്ള ആർപ്പുവിളിയുണ്ടാകുമ്പോൾ പൂർണ്ണ തയ്യാറെടുപ്പുകളോടെ നിത്യസന്തോഷത്തിൽ പ്രവേശിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശം നല്കുന്ന ഉപമയാണ് പത്തു കന്യകമാരുടെ കഥയിലൂടെ കർത്താവ് പറഞ്ഞു തന്നിരിക്കുന്നത്. ഈ ഉപമ പലപ്പോഴും വായിച്ചിട്ടുള്ളതാണ്. എന്നാൽ ഈ ഉപമയ്ക്ക് പല വ്യാഖ്യാനങ്ങൾ പഠിപ്പിക്കുന്നുണ്ട്. ഏറ്റവും ലളിതമായ ആത്മീയ സത്യങ്ങൾ മാത്രം എഴുതാൻ ആഗ്രഹിക്കുന്നു. ആദ്യമായി ഈ വാക്യത്തിൽ നിന്നും നാലു (4) പോയിന്റുകൾ കുറിക്കുന്നു.

1) കന്യക തിരഞ്ഞെടുക്കപ്പെട്ടവർ ആയിരിക്കണം (1 പത്രൊ. 2:9)
2) പൊതുസമൂഹത്തിൽ നിന്നും വേർപെട്ടവർ ആയിരിക്കണം (2 കൊരി 3:3)
3) പരിശുദ്ധാത്മനിറവുള്ളവരായിരിക്കണം.
4) മുൻനിയമത്തിൽ ഉള്ളവരായിരിക്കണം (റോമർ 8:28-30)

കർത്താവിന്റെ വരവിനായി ഒരുങ്ങി കാത്തിരിക്കുന്നവർ തന്റെ രക്തം കൊണ്ടു വിലയ്ക്ക് വാങ്ങിയ തന്റെ മണവാട്ടിയാണ്. രക്ഷിക്കപ്പെടാത്ത ആർക്കും തന്നെ ഈ സംഭവം അറിഞ്ഞുകൂടാ. സഭ എന്താണ്? മണവാട്ടി ആരാണ്? കാന്തനാരാണ് എന്ന് ജാതികളായ വിഗ്രഹാരാധികളായ ആർക്കും തന്നെ അറിഞ്ഞുകൂടാ. പിതാവായ ദൈവത്തിന്റെ മുൻനിയമത്തിലുള്ളവർക്കു മാത്രമേ അതിനുള്ള ഭാഗ്യം ഉള്ളൂ. ദൈവം ഓരോരുത്തരെയും ലോകസ്ഥാപനത്തിനു മുമ്പേ തിരഞ്ഞെടുത്തതാണ് (എഫെ. 1:3,4) സഭയിൽ ഉൾപ്പെട്ട എല്ലാവരും കർത്താവിന്റെ വരവിങ്കൽ എടുക്കപ്പെടും എന്നു പ്രത്യാശിക്കുന്നു. എങ്കിലും ഒരു വിഭാഗം തള്ളപ്പെട്ടു പോകുന്ന ദുഃഖകരമായ കാഴ്ചയാണ് ഇവിടെയുള്ളത്. അങ്ങനെ ഒരു ദുരവസ്ഥയിൽ പെട്ടുപോകാതിരിക്കുവാൻ കരുതിക്കൊള്ളേണ്ട വസ്തുതകളും, കാര്യങ്ങളും കുറികൊള്ളേണ്ടതാണ്. മുന്നറിയിപ്പുകളെ അവഗണിക്കാൻ പാടില്ല. ആ സുദിനം ഏറ്റവും സമീപിച്ചിരിക്കയാൽ എപ്പോൾ സംഭവിക്കും എന്നു അറിയാത്തതിനാലും ഒരുങ്ങിയിരിപ്പാൻ നാം ബാദ്ധ്യസ്ഥരാണ്. ഉദാ: മാതാപിതാക്കൾ രക്ഷിക്കപ്പെട്ടവരാണെങ്കിലും അവരുടെ മക്കൾ പ്രായമായവർ അവരുടെ പുറകേ അനുഗമിക്കുന്നുവെങ്കിലും രക്ഷിക്കപ്പെട്ടില്ലെങ്കിൽ കർത്താവിന്റെ വരവിൽ തള്ളപ്പെട്ടുപോകും. ആയതിനാൽ ഈ ലേഖനം വായിക്കുന്ന ആരെങ്കിലും അതിനു വേണ്ടി ഒരുക്കമുള്ളവരായി കർത്താവിനെ എതിരേല്പാൻ രക്ഷിക്കപ്പെട്ട് അവന്റെ കല്പനയനുസരിച്ച് ജീവിക്കുക. ഒരുങ്ങുമ്പോൾ ശ്രദ്ധിക്കേണ്ട ചില കാര്യങ്ങൾ.

**1) തിരഞ്ഞെടുക്കപ്പെട്ടവർ ആയിരിക്കണം. (1 പത്രൊ. 2:9)**

നാം തിരഞ്ഞെടുക്കപ്പെട്ടവരുടെ കൂട്ട

ത്തിലുള്ളവരാണോ? പരിശോധിക്കുക (1 പത്രൊ. 2:9). "നിങ്ങളോ അന്ധകാരത്തിൽ നിന്നു തന്റെ അത്ഭുതപ്രകാശത്തിലേക്കു നിങ്ങളെ വിളിച്ചവന്റെ സൽഗുണങ്ങളെ ഘോഷിപ്പാന്തക്കവണ്ണം തിരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും രാജകീയപുരോഹിതവർഗ്ഗവും വിശുദ്ധവംശവും സ്വന്തജനവും ആകുന്നു". മണവാളനെ എതിരേല്പാൻ യോഗ്യതയുള്ള ധാരാളം കന്യകമാർ ഈ ഭൂമിയിലുണ്ടായിരുന്നുവെങ്കിലും പത്തു പേർ മാത്രമാണ് ആ ദൗത്യത്തിനായി തിരഞ്ഞെടുക്കപ്പെട്ടത്. എന്നാൽ ഇവർ എല്ലാവരും കന്യകമാർ തന്നെയായിരുന്നു. അർദ്ധരാത്രിക്കോ മണവാളൻ വരുന്നു അവനെ എതിരേല്പാൻ പുറപ്പെടുവിൻ എന്ന ആർപ്പുവിളിയുണ്ടായി. അതിൽ അഞ്ചു (5) കന്യകമാർ മണവാളനോടുകൂടെ കല്യാണസദ്യക്കു ചെന്നു വാതിൽ അടയ്ക്കുകയും ചെയ്തു. മറ്റെ അഞ്ചു പേർ വിടപ്പെട്ടുപോയി. അവർ കർത്താവേ; കർത്താവേ ഞങ്ങൾക്കു തുറക്കേണമേ എന്നു പറഞ്ഞു. അതിനു അവൻ, ഞാൻ നിങ്ങളെ അറിയുന്നില്ല എന്നു സത്യമായിട്ടു നിങ്ങളോടു പറയുന്നു എന്നുപറഞ്ഞു. എന്നാൽ ഇവർ മറ്റുള്ളവരിൽ നിന്നും വേർതിരിച്ചറിയത്തക്കവിധം അവരുടെ വസ്ത്രധാരണവും, ഒരുക്കവും, ഭാവവും എല്ലാം വ്യത്യസ്തമായിരുന്നു. രക്ഷാനിർണ്ണയം പ്രാപിച്ച സഭയുടെ അംഗങ്ങളായി വേർപാടും വിശുദ്ധിയും പാലിച്ച് നിലകൊള്ളുന്നവർ മാത്രമാണ് കർത്താവിന്റെ വരവിൽ സ്വർഗ്ഗീയ മണവറയിലേക്കു പ്രവേശിക്കുന്നത്.

ആകയാൽ ഇന്ന് വിശ്വാസികൾ എന്നറിയപ്പെടുന്ന കന്യകമാർ രക്ഷിക്കപ്പെട്ടതാണോ അല്ലയോ എന്നു തിരിച്ചറിയാൻ ബുദ്ധിമുട്ടാണ്. കാരണം അവർ ചിലർ ആഭരണം ധരിച്ചു ഫാഷൻ പരേഡ് കാണിക്കുന്ന രീതിയിലുള്ള വസ്ത്രധാരണവുമായി ആണ് വരുന്നത്. ദൈവവചനം പറയുന്നു (1തിമൊ. 2:9-ൽ) അവ്വണ്ണം സ്ത്രീകളും യോഗ്യമായ വസ്ത്രം ധരിച്ചു ലജ്ജാശീലത്തോടും സുബോധത്തോടും തങ്ങളെ അലങ്കരിക്കേണം എന്നു വായിക്കുന്നു. ദൈവവചനപ്രകാരം സഹോദരിമാർ നടക്കണം.

**(2) രണ്ടാമതായി-പൊതുസമൂഹത്തിൽ നിന്നു വേർപ്പെട്ടവരായിരിക്കണം.**

പത്തു കന്യകമാർ പ്രത്യേക വേഷവിധാനത്തിലും ഒരുക്കത്തിലും മറ്റുള്ളവരിൽ നിന്നും വേർതിരിച്ചുകാണപ്പെട്ടു. നാമും, ജാതികളെപ്പോലെ നടക്കരുത്. നടപ്പിലും വേഷത്തിലും എല്ലാം ഒരു ദൈവപൈതൽ എന്ന ചിന്താബോധം നമുക്കുണ്ടായിരിക്കണം. സങ്കീർത്തനക്കാരൻ പറയുന്നത് (സങ്കീ 1:1ൽ) ദുഷ്ടന്മാരുടെ ആലോചനപ്രകാരം നടക്കാതെയും പാപികളുടെ വഴിയിൽ നില്ക്കാതെയും, പരിഹാസികളുടെ ഇരിപ്പിടത്തിൽ ഇരിക്കാതെയും യഹോവയുടെ ന്യായപ്രമാണത്തിൽ സന്തോഷിച്ചു അവന്റെ ന്യായപ്രമാണത്തെ രാപ്പകൽ ധ്യാനിക്കുന്നവൻ ഭാഗ്യവാൻ എന്നാണ്. ഒരു ദൈവപൈതലിന്റെ നടപ്പ്, നില്പ്, ഇരിപ്പ് വളരെ ശ്രദ്ധയോടെ കരുതണം. പൗലൊസ് അപ്പൊ- (2 കൊരി 3:2ൽ) കർത്താവിന്റെ മണവാട്ടി (കന്യക) ദൈവത്തിന്റെ പത്രങ്ങൾ ആണ് ലോകം നമ്മെ വായിക്കണം. ഇവരും മറ്റുള്ളവരെപ്പോലെയല്ല എന്ന് നമ്മെക്കുറിച്ച് പറയണം. ഇന്ന് ദൈവജനത്തിന്റെ മദ്ധ്യേ കുറഞ്ഞു കാണപ്പെടുന്ന ഒന്നാണ് വിവേകത്തോടുള്ള നടപ്പ്. ഒരു ദൈവപൈതൽ വിവേകത്തോടെ നടക്കണം എന്നാണ് ദൈവം ആഗ്രഹിക്കുന്നത്. ഏതെല്ലാം രീതിയിൽ നാം നടക്കേണ്ടത് എന്ന് ദൈവവചനം നമ്മെ വളരെ പ്രബോധിപ്പിക്കുന്നുണ്ട്. സുവിശേഷത്തിനു യോഗ്യമായി ജാതികളിൽ നിന്ന് വേർപ്പെട്ട് ദൈവഭയത്തിൽ വിശുദ്ധരായി സൂക്ഷ്മതയോടെ സ്നേഹത്തിൽ നമ്മുടെ ഇങ്ങനെയുള്ള നടപ്പ് കണ്ട് മററുള്ളവർ വലിയവനായ ദൈവത്തെ കാണുവാൻ ഇടവരണം. ഏലീശായെ കണ്ട ശൂനേംകാരത്തി ഇവൻ ദൈവപുരുഷൻ എന്നറിഞ്ഞു എന്നപോലെ.

ഒരു വിശ്വാസി ജീവിക്കുന്നത് ലോകത്തിലാണെങ്കിലും ലോകക്കാരെ പോലെയാകരുത്. ലോകകന്യകമാരിൽ നിന്നും വേറിട്ടു നില്ക്കുന്നവളായി കാണണം. ലോകമനുഷ്യൻ ചെയ്യുന്നതും പറയുന്നതും നടക്കുന്നതും പോലെ അവരെ അനുകരിക്കാൻ പാടില്ല.

(സങ്കീ 1:1 മുതൽ വായിച്ചാൽ അവിശ്വാസിയും വിശ്വാസിയും തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കാം. കന്യകമാരായ നമ്മളെ വേർതിരിച്ചു നിർത്തുന്നത് ദൈവവചനത്തിന്റെ ഉപദേശവും വിശുദ്ധിയുമാണ്.

**3) പരിശുദ്ധാത്മനിറവുള്ളവരായിരിക്കണം.**

ഇവിടെ പത്തു കന്യകമാരും മണവാളനെ എതിരേല്പാൻ ഒരുങ്ങിവന്നുവെങ്കിലും അഞ്ചുപേർ മാത്രമാണ് വിളക്കിനോടൊപ്പം എണ്ണയും കരുതിയത്. എണ്ണ പരിശുദ്ധാത്മാവിനെയാണ് കാണിക്കുന്നത്. ആത്മനിറവിലുള്ള ജീവിതം നയിച്ചാൽ മാത്രമേ മണവാളന്റെ വിളി തിരിച്ചറിയുവാനും, എടുക്കപ്പെടാനും കഴിയൂ. എണ്ണ കരുതാതിരുന്ന അഞ്ചു കന്യകമാർക്ക് മറ്റുള്ളവരിൽ നിന്നും യാതൊരു വ്യത്യാസവും കാഴ്ചയിൽ ഇല്ലായിരുന്നു. കാര്യത്തോട് അടുത്തപ്പോൾ മാത്രമാണ് അവരുടെ കുറവുകൾ മനസ്സിലായത്. വിളക്കെടുത്തപ്പോൾ എണ്ണ അവർ കരുതിയില്ല. വില്ക്കുന്നവരുടെ അടുക്കൽ എണ്ണ വാങ്ങാൻ പോയപ്പോൾ മണവാളൻ വന്നു ഒരുങ്ങിയിരുന്നവർ അവനോട് കൂടെ മണിയറയിൽ പ്രവേശിച്ചു. കർത്താവേ; കർത്താവേ എന്ന് മറ്റവരും വിളിച്ചിരുന്നതാണ്. ഞാൻ നിങ്ങളെ അറിയുന്നില്ല എന്ന മറുപടിയാണ് മണവാളനിൽ നിന്നു ലഭിച്ചത്. (ലൂക്കൊ. 13:25 മുതൽ 28 വരെ വായിക്കുക) വിശ്വാസികൾ എന്ന് ലോകം പേർ വിളിക്കുകയും, ലോകത്തിൽ നിന്നും വേർപ്പെട്ട ജീവിതം നയിക്കുകയും ചെയ്തിട്ടും കർത്താവിന്റെ വരവിൽ എടുക്കപ്പെടുന്നില്ലെങ്കിൽ നമ്മുടെ ജീവിതം വ്യർത്ഥമാണ്. യഥാർത്ഥത്തിൽ രക്ഷിക്കപ്പെടാത്തവർക്കാണ് ഈ അവസ്ഥയുണ്ടാകുന്നത്. ദൈവമക്കളെ, നാം നമ്മെത്തന്നെ ഒന്നു ശോധനചെയ്യുക. ആയതിനാൽ ഇനിയും സമയം ഉണ്ട് ഒരുങ്ങുവാൻ. ലഭിച്ചിരിക്കുന്ന ഈ വിലപ്പെട്ട സമയം തക്കത്തിൽ ഉപയോഗിച്ചുകൊള്ളേണം. ഇന്ധനം ഇല്ലാതെ ഒരു കാർ ഓടുകയില്ല. അതുപോലെ ആത്മികജീവിതത്തിലും നാം കുറിക്കൊള്ളേണ്ട മുന്നറിയിപ്പുകൾ വചനത്തിലൂടെ ദൈവം നല്കിയിട്ടുണ്ട്. അത് യഥാസമയം അനുസരിച്ച് മുന്നേറിയാൽ നിത്യത യാകുന്ന ലക്ഷ്യത്തിലെത്താം. ബുദ്ധിയുള്ള കന്യകമാരെപ്പോലെ വിശ്വാസജീവിതം ലക്ഷ്യം കാണുവാൻ ഒരുങ്ങാം. ഒരാൾ രക്ഷിക്കപ്പെടുന്ന ആ സമയത്തുതന്നെ പരിശുദ്ധാത്മാവ് ഉള്ളിൽ വരും. പിന്നീട് ആത്മനിറവിൽ ദിനംതോറും വളരുകയാണ് ചെയ്യുന്നത്.

2 കൊരി 11:2 ഞാൻ ക്രിസ്തു എന്ന ഏകപുരുഷനു നിങ്ങളെ നിർമ്മല കന്യകയായി ഏല്പിപ്പാൻ വിവാഹനിശ്ചയം ചെയ്തിരിക്കുന്നു. നമ്മെ കർത്താവ് നിർമ്മല കന്യകയായ് എപ്പോഴും കാണണം.

**4) മുൻനിയമത്തിൽ ഉള്ളവരായിരിക്കണം (റോമർ 8:28-30 വരെ)**

എന്നാൽ ദൈവത്തെ സ്നേഹിക്കുന്നവർക്ക് നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്കു തന്നേ, സകലവും നന്മയ്ക്കായി കൂടി വ്യാപരിക്കുന്നു എന്നു നാം അറിയുന്നു. അവൻ മുന്നറിഞ്ഞവരെ തന്റെ പുത്രൻ അനേകം സഹോദരന്മാരിൽ ആദ്യജാതൻ ആകേണ്ടതിനു അവന്റെ സ്വരൂപത്തോടു അനുരൂപരാകുവാൻ മുന്നിയമിച്ചുമിരിക്കുന്നു. മുന്നിയമിച്ചവരെ വിളിച്ചും വിളിച്ചവരെ നീതീകരിച്ചും നീതീകരിച്ചവരെ തേജസ്കരിച്ചുമിരിക്കുന്നു. ദൈവം മുന്നിയമിക്കാത്തവർക്ക് ആർക്കും രക്ഷിക്കപ്പെടുവാൻ കഴികയില്ല. ലോകസ്ഥാപനത്തിനു മുമ്പേ ദൈവം ഓരോരുത്തരെയും മുൻനിയമിച്ചിരിക്കുന്നു. സമയം ആകുമ്പോൾ വിളിച്ചു തന്റെ മക്കളാക്കുന്നു. 1 പത്രൊ. 2:9-ൽ തിരഞ്ഞെടുപ്പിനെ കുറിച്ചു പറഞ്ഞിരിക്കുന്നു.

കന്യകമാർ ആണ് മണവാളൻ വരുമ്പോൾ അവന്റെ ശബ്ദം കേട്ട് അവനോട് കൂടെ മണിയറയിൽ പ്രവേശിക്കുന്നത്. നമുക്കും ബുദ്ധിയുള്ള കന്യകമാരെപ്പോലെ മണവാളനെ എതിരേല്പാൻ വിളക്കിൽ എണ്ണയെടുത്തു എതിരേല്പാൻ ഒരുങ്ങാം. "കർത്താവു താൻ ഗംഭീരനാദത്തോടും പ്രധാന ദൂതന്റെ ശബ്ദത്തോടും, ദൈവത്തിന്റെ കാഹളത്തോടുംകൂടെ സ്വർഗ്ഗത്തിൽനിന്നു ഇറങ്ങിവരുകയും ക്രിസ്തുവിൽ മരിച്ചവർ മുമ്പെ ഉയിർത്തെഴുന്നേല്ക്കയും ചെയ്യും. പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവരോടു ഒരുമിച്ചു ആകാശത്തിൽ കർത്താവിനെ എതിരേല്പാൻ മേഘങ്ങളിൽ എടുക്കപ്പെടും"(1 തെസ്സ 4:16,17,18). ❑

# യഹോവ ശമ്മാ

മഹേശ്വരി പുരന്ദരൻ, കൊടുങ്ങല്ലൂർ



പ്രിയ ദൈവമക്കളേ, കടന്നുപോന്ന വഴിയിലേക്ക് ഒന്നു തിരിഞ്ഞു നോക്കുമ്പോൾ അവിടെ നാം നേരിടേണ്ടി വന്ന വിജയപരാജയങ്ങളും സുഖദുഃഖങ്ങളും സന്തോഷ സന്താപങ്ങളും ചിരിയുടെയും കരച്ചിലിന്റെയും നാളുകൾ വേദനയുടെയും ആഹ്ലാദത്തിന്റെയും വേളകൾ മാത്രമല്ല നാം താളടിയായി പോകേണ്ട എത്രയെത്ര സന്ദർഭങ്ങൾ കടന്നുപോയി. വാഗ്ദത്തം ചെയ്തവൻ വിശ്വസ്തനായി നമ്മോടുകൂടെ ഉണ്ടായിരുന്നതുകൊണ്ട് നാം നിന്നതല്ല നമ്മെ നിറുത്തിയതാണ് എന്ന് നമുക്കറിയാം. സ്വയമായി നിന്നിരുന്നു എങ്കിൽ ഈ ഭൂമുഖത്തു നിന്നു എന്നേ തുടച്ചുമാറ്റപ്പെട്ടിരുന്നിരിക്കാം. പുകയുന്ന തിരിയെ കെടുത്തി കളയാത്തവൻ, ചതഞ്ഞ ഓടയെ ഒടിച്ചു കളയാത്തവൻ, കണ്ണുനീർ താഴ്‌വരയെ ജലാശയമാക്കിയവൻ, ഹൃദയം നുറുങ്ങിയപ്പോൾ ആശ്വാസദായകനായി മനസ്സു തകർന്നപ്പോൾ രക്ഷയ്ക്കായി ഓടിയെത്തി. ജീവിതത്തിന്റെ ആരംഭം മുതൽ ഈ നിമിഷം വരെ കൂടെ നടന്ന് മാറോടു ചേർത്ത് ആശ്വസിപ്പിച്ച ആ സ്നേഹത്തിന് മുന്നിൽ നന്ദി കരേറ്റിക്കൊണ്ട് അപ്പാ, എന്നെ വിട്ട് ഒരു നിമിഷവും അകന്നു നില്ക്കല്ലേ, നീ എന്റെ കൂടെ ഇല്ലെങ്കിൽ ഈ സംഭവബഹുലമായ ലോകത്ത് ജീവിക്കുവാൻ എനിക്ക് സാധ്യമല്ല. എന്റെ ജീവിതം മുഴുവനായി നഗ്നവും മലർന്നതുമായി നിന്റെ മുമ്പിൽ കിടക്കുന്നു. ഞാനോ ചതഞ്ഞരഞ്ഞു പോകുന്ന പുഴുവിന് സമൻ. അടുത്ത നിമിഷം എന്തു നടക്കുവാൻ പോകുന്നു എന്ന് ഞാൻ അറിയുന്നില്ല. എന്റെ വലങ്കരം പിടിച്ച് നീ നടത്തണമേ എന്ന പ്രാർത്ഥനയോടെ ഓരോ ദിവസവും കർത്തൃകരങ്ങളിൽ ഭരമേല്പിച്ച് കൊണ്ട് നമുക്ക് മുന്നേറാം.

മനുഷ്യജീവിതം സുഖദുഃഖസമ്മിശ്രമാണ്. അതു ദൈവം കല്പിച്ചു നല്കിയതാണ്. ആദാം-ഹവ്വ ദമ്പതിമാരെ സൃഷ്ടിച്ചപ്പോൾ അവരിൽ പാപം ഇല്ലായിരുന്നു. അതുകൊണ്ട് കഷ്ടതയില്ലാതെ സമാധാനത്തോടെ ദൈവത്തോടു കൂടെ അവർ ജീവിച്ചു. എന്നാൽ സാത്താന്റെ പ്രേരണയാൽ അവർ പാപം ചെയ്തു ദൈവതേജസ്സ് നഷ്ടപ്പെടുത്തിയതു മുതൽ അനവധി കഷ്ടങ്ങളിലൂടെ കടന്നുപോകേണ്ടിവരികയും മാനവരാശി മുഴുവനും അതിന്റെ അനന്തരഫലമായ അസമാധാനം അനുഭവിച്ചുകൊണ്ടുമിരിക്കുന്നു. ലോകസ്ഥാപനത്തിനു മുമ്പേ ദൈവം ഒരുക്കിയ രക്ഷാപദ്ധതിപ്രകാരം തന്റെ പുത്രനിലൂടെ വീണ്ടെടുക്കപ്പെട്ട ദൈവജനം കഷ്ടതയെന്ന കഠിനശോധനയിലൂടെ കടന്നുപോകുമ്പോൾ ആടുകൾക്കു വേണ്ടി തന്റെ ജീവനെ വച്ചുകൊടുത്ത നല്ല ഇടയന്റെ കൈയിലായതുകൊണ്ട് അതിനെ അതിജീവിക്കാനുള്ള കൃപയും ലഭിക്കുന്നു. ക്രിസ്തുവും നിങ്ങൾക്കു വേണ്ടി കഷ്ടം അനുഭവിച്ചു നിങ്ങൾ അവന്റെ കാൽചുവടു പിന്തുടരുവാൻ ഒരു മാതൃക വച്ചേച്ചു പോയിരിക്കുന്നു (1 പത്രൊ. 2:21). പാപിയായ ഒരു മനുഷ്യന് കഷ്ടത വരുമ്പോൾ അവൻ ആശ്രയിക്കുന്നത് പിശാച് എന്ന പിതാവിലാകുന്നു. പിശാച് വന്നിരിക്കുന്നത് അറുപ്പാനും മുടിപ്പാനും ആകുന്നതുകൊണ്ട് അവന്റെ വേദനകൾ പെരുകുകയും അവൻ ആത്മഹത്യയിലേക്ക് പോലും നയിക്കപ്പെടുന്നതായി നാം കണ്ടുവരുന്നു. ലോകത്തിന്റെ ദുഃഖമോ മരണത്തെ ഉളവാ

ക്കുന്നു (2 കൊരി 7:10).

തന്നെ അനുഗമിച്ച ശിഷ്യഗണങ്ങൾ അനേക കഷ്ടങ്ങളിലൂടെ കടന്നുപോയി. ലോക മാകുന്ന പോർക്കളത്തിൽ സുവിശേഷത്തിനു വേണ്ടി പോരാടിയവരിൽ യോഹന്നാൻ ഒഴികെ എല്ലാ അപ്പൊസ്തലന്മാരും രക്തസാക്ഷികളാ യിത്തീർന്നു. മറ്റൊരു ശിഷ്യനായ സ്തേഫാ നോസിനെ കുറിച്ച് ഓർക്കുമ്പോൾ ഒരായുസ്സ് കൊണ്ട് തീർക്കേണ്ട ശുശ്രൂഷ ഒരു പ്രസംഗം കൊണ്ട് തീർത്തു സുവിശേഷത്തിനു വേണ്ടി വീരമൃത്യു വരിക്കുമ്പോൾപോലും തന്റെ നേരെ കൊലവിളിച്ച് അടുത്തു വരുന്ന ജനക്കൂട്ടത്തെ കണ്ട് ഭയന്നു കരയുകയോ ഓടി ഒളിക്കുകയോ ചെയ്യാതെ സ്വർഗ്ഗത്തിലേക്ക് നോക്കി ദൈവ ത്തിന്റെ മഹത്ത്വവും ദൈവത്തിന്റെ വലത്തു ഭാഗത്ത് യേശു നില്ക്കുന്നതും കണ്ടു. ആ സ്വർഗ്ഗീയ ദർശനം കണ്ടതുകൊണ്ട് കല്ലേറിന്റെ വേദനയോ മരണഭയമോ അവൻ അറിഞ്ഞില്ല. ആ സമയത്തും തന്നെ ഉപദ്രവിക്കുന്നവർക്കു വേണ്ടി "കർത്താവേ അവർക്ക് ഈ പാപം നിറു ത്തരുതേ" എന്നു പ്രാർത്ഥിച്ച് കർത്തൃകരങ്ങ ളിൽ തന്റെ ആത്മാവിനെ ഏല്പിച്ചു കർത്താ വിന്റെ ആ നല്ല മാതൃക പിൻപറ്റി.

ലോകത്തിന്റെ പലഭാഗത്തും സുവിശേ ഷത്തിനു വേണ്ടി ഇന്നും നാം അറിഞ്ഞും അറി യാതെയും അനേക ദൈവമക്കൾ ക്രൂരമർദ്ദന ത്തിനു വിധേയരാകുകയും മരണം വരിക്കയും ചെയ്യുന്നു. എങ്കിലും സത്യത്തിനു വേണ്ടി നില നില്ക്കാൻ മരണം വരെ പോരാടുമ്പോഴും 'ദേഹിയെ കൊല്ലാൻ കഴിയാതെ ദേഹത്തെ കൊല്ലുന്നവരെ ഭയപ്പെടേണ്ടാ, ദേഹിയെയും ദേഹത്തെയും നരകത്തിൽ നശിപ്പിപ്പാൻ കഴി യുന്നവനെ തന്നേ ഭയപ്പെടുവിൻ" (മത്തായി 10:28) എന്ന കർത്തൃമൊഴികൾ അവർക്ക് ആശ്വാസവും പ്രചോദനവും നല്കുന്നു.

ഒരിക്കൽ കർത്താവ് തന്റെ ശിഷ്യന്മാ രോട് പടകിൽ കയറി അക്കരയ്ക്കു പോകു വാൻ നിർബ്ബന്ധിച്ചു. കർത്താവ് പ്രാർത്ഥിപ്പാ നായി മലയിലേക്ക് കയറിപ്പോയി. തന്റെ ശിഷ്യ ന്മാർ നേരിടാൻ പോകുന്ന വലിയ വിപത്തിനെ മുൻകണ്ടിരുന്നെങ്കിലും രാത്രിയുടെ നാലാം യാമത്തിൽ പടക് മുങ്ങുമാറായപ്പോൾ മാത്ര മാണ് കർത്താവ് വെള്ളത്തിനു മീതെ നടന്നു ചെന്ന് കടലിനെയും കാറ്റിനെയും ശാസിച്ച മർത്തി അവരോടൊപ്പം പടകിൽ കയറി അക്ക രയ്ക്കു പോയത്. കർത്താവ് അവരെ സഹാ യിപ്പാൻ ചെല്ലുമെന്ന് അവർ കരുതിയിരുന്നില്ല. സ്വയമായി രക്ഷപ്പെടാനുള്ള മാർഗ്ഗങ്ങൾ അന്വേ ഷിക്കുകയായിരുന്നു. കർത്താവിന്റെ അനേക അത്ഭുതങ്ങൾ കണ്ട ശിഷ്യന്മാർ കർത്താവ് വെള്ളത്തിനു മീതെ നടന്നു ചെല്ലുന്നതു കണ്ട പ്പോൾ അത് കർത്താവായിരിക്കുമെന്ന് സംശയം പോലും പ്രകടിപ്പിക്കാതെ ഭൂതമാണെന്ന് കരുതി ഭയപ്പെടുകയായിരുന്നു. നമ്മുടെ ജീവി തത്തിലും കർത്താവിൽ നിന്നും അനേക നന്മ കൾ നാം അനുഭവിച്ചിട്ടുണ്ടെങ്കിലും ചില പ്രതി സന്ധിഘട്ടങ്ങളിൽ കർത്താവ് നമ്മെ കാണു ന്നില്ല എന്ന് ആശങ്കപ്പെടാറുണ്ട്. എന്നാൽ എല്ലാ ആശ്രയവും നഷ്ടമായി എന്ന് തോന്നുന്ന സമയങ്ങളിൽ കർത്താവ് നമ്മെ ആ പ്രയാസത്തിൽ നിന്നും വിടുവിച്ച് നമുക്ക് ആശ്വാസം തന്ന എത്രയെത്ര സന്ദർഭങ്ങൾ നമ്മുടെയെല്ലാം ജീവിതത്തിൽ നാം രുചിച്ചറി ഞ്ഞിട്ടുണ്ട്. പുതിയതായി വിശ്വാസത്തിലേക്ക് കടന്നുവരുന്ന പലരും പത്രൊസിനെപ്പോലെ കർത്താവിന്റെ വിളികേട്ട് വെള്ളത്തിന് മീതെ നടന്നുവരുവാൻ ശ്രമിക്കുന്നവരാണ്. എന്നാൽ കർത്താവിന്റെ മുഖത്തുനിന്നു കണ്ണുമാറ്റി കാറ്റും കടലും കണ്ട് ഭയന്ന് വെള്ളത്തിൽ മുങ്ങിത്താഴുന്ന അനുഭവം ആദ്യകാലങ്ങളിൽ പലരും അനുഭവിച്ചിട്ടുണ്ടാകും. എന്നാൽ കർത്താവ് വലങ്കരം പിടിച്ച് "ഭയപ്പെടേണ്ട ഞാൻ നിന്റെ കൂടെയുണ്ട്, ഭ്രമിച്ചുനോക്കേണ്ട ഞാൻ നിന്റെ ദൈവമാകുന്നു" എന്നരുളി ച്ചെയ്ത് നമ്മുടെ ജീവിതമാകുന്ന പടകിൽ നമ്മോടുകൂടെ യാത്രചെയ്യുമ്പോൾ കാറ്റും കടലും ശാന്തമായി പടക് മുന്നോട്ട് പോകു കയും ആ പടക് സ്വർഗ്ഗീയ തുറമുഖത്ത് എത്തു കയും ചെയ്യും. ❑

# പുസ്തകം മാറ്റി എഴുതിയ നിരീശ്വരവാദികൾ-1



മേരി അഞ്ചൻ, തുംകൂർ

ആദിമനുഷ്യൻ പാപം ചെയ്തു സ്രഷ്ടാവായ ദൈവത്തിന്റെ സാമീപ്യം നഷ്ടഭൂതമായ ദിവസം തന്നെ അവന്റെ വീണ്ടെടുപ്പിനായുള്ള പദ്ധതി കരുണാമയനായ ദൈവം രൂപീകരിച്ചു; വാഗ്ദത്തം ചെയ്തു (ഉത്പ. 3:15). ആ വാഗ്ദത്തം ആദാമും ഭാര്യ ഹവ്വയും മാത്രമല്ല ശ്രവിച്ചത്. സാത്താനും അവിടെയുണ്ടായിരുന്നു. ദൈവം തന്റെ ഏകജാതനായ പുത്രനെ മനുഷ്യരാശിയുടെ വീണ്ടെടുപ്പിനായി ലോകത്തിലേക്ക് അയയ്ക്കുന്ന പദ്ധതിക്ക് എതിരായി സാത്താൻ വിവിധരീതികളിൽ കാലാകാലങ്ങളിൽ രാജാക്കന്മാരിലും ഭരണകർത്താക്കളിലും ദൈവത്തിന്റെ സ്വന്തജനമായ യെഹൂദന്മാരിൽ കൂടെയും പ്രവർത്തിച്ചതായി വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. കാലസമ്പൂർണ്ണതയിൽ 2000 വർഷങ്ങൾക്കുമുമ്പ് ലോകരക്ഷകനായ യേശു തിരുവവതാരം ചെയ്തു. സാത്താന്റെ പ്രവർത്തനങ്ങൾ തുടർന്നുകൊണ്ടേ ഇരുന്നു. ദൈവപുത്രനെ ഒരു കൊടും കുറ്റവാളിയെന്നപോലെ യെഹൂദ മതാധികാരികളുടെ നേതൃത്വത്തിൽ കുരിശിൽ തറച്ചു, സാത്താനും അവന്റെ സൈന്യവും വിജയശ്രീലാളിതരായി! എന്നാൽ മൂന്നാംനാൾ കല്ലറയെ ഭേദിച്ചും, മരണത്തെയും സാത്താനെയും ജയിച്ചും യേശുക്രിസ്തു ഉയിർത്തെഴുന്നേറ്റു. അവൻ ഇന്നും ജീവിക്കുന്നു.

കഴിഞ്ഞ 2000 വർഷക്കാലം അനേക നാസ്തികരും യുക്തിവാദികളും യേശുക്രിസ്തു ഉയിർത്തെഴുന്നേറ്റില്ല; ആ വിശ്വാസം ഒരു മിഥ്യ മാത്രമാണെന്ന് തെളിയിക്കുവാൻ അശ്രാന്ത പരിശ്രമം നടത്തിയിട്ടും അവരുടെ ശ്രമങ്ങൾ വിഫലമായിത്തന്നെ ശേഷിക്കുന്നു. എന്നാൽ അനേകം നിരീശ്വരവാദികളും ഉത്ഥിതനായ യേശുക്രിസ്തുവിനെ കണ്ടുമുട്ടുകയും അനന്തരം ആ വിശ്വാസത്തിനുവേണ്ടി അന്ത്യംവരെയും പോരാടുകയും ചെയ്തിട്ടുണ്ട്. 19,20,21 എന്നീ ശതകങ്ങളിൽ ജീവിച്ചിരുന്ന പണ്ഡിതരും, ശാസ്ത്രജ്ഞന്മാരും ആയിരുന്ന മൂന്നു നാസ്തികർക്ക് അവിശ്വസനീയമാംവിധം സംഭവിച്ച മാനസാന്തരവും, തദ്വാരാ ക്രിസ്തുവിനും ക്രിസ്തുമാർഗ്ഗത്തിനും വിപരീതമായി രചിച്ചുകൊണ്ടിരുന്ന കൈയെഴുത്തു പ്രതികൾക്കു സംഭവിച്ച വ്യതിയാനവും അത്ഭുതാവഹം ആയിരുന്നു. അവർ എഴുതിക്കൊണ്ടിരുന്ന പുസ്തകങ്ങൾ മാറ്റി എഴുതി. അവരുടെ സാക്ഷ്യങ്ങൾ നിമിത്തം ലക്ഷോപലക്ഷം ജനങ്ങൾ ദൈവപുത്രനും ലോകരക്ഷകനുമായ യേശുക്രിസ്തുവിൽ വിശ്വസിച്ച് നിത്യജീവൻ പ്രാപിക്കാൻ ഇടയായി.

**പതിനെട്ടാം നൂറ്റാണ്ടിൽ**

18-ാംനൂറ്റാണ്ടിൽ ക്രിസ്തുമാർഗ്ഗം അഭിവൃദ്ധിപ്രാപിച്ചു, അനേകരും യേശുക്രിസ്തു സാക്ഷാൽ ദൈവമാണെന്ന് വിശ്വസിച്ച് വീണ്ടും ജനനം പ്രാപിച്ചു. ഇംഗ്ലണ്ടിൽ ജീവിച്ചിരുന്ന ഗിൽബർട്ട് വെസ്റ്റ് (Gilbert West) എന്ന നിരീശ്വരവാദി സർവ്വത്ര വ്യാപിക്കുന്ന ഈ വിശ്വാസം ഏതുവിധേനയും നശിപ്പിക്കുവാൻ തീരുമാനിച്ചു. അയാൾ ഒരു എഴുത്തുകാരനായിരുന്നു. അയാളെപ്പോലെ തന്നെ ദൈവവിരോധിയായിരുന്ന അയാളുടെ സ്നേഹിതൻ ലോഡ് ലിറ്റിൽറ്റണും (Lord Lyttleton) ഒരുമിച്ച് ക്രിസ്തുമതം ഒരു കെട്ടുകഥയാണെന്ന് തെളിയിക്കുവാനായി ഒരു പുസ്തകമെഴുതാൻ തീരുമാനിച്ചു. ആയതിലേക്ക് അനേക മണിക്കൂറുകൾ ചെലവഴിച്ച് സംശോധന നടത്തി. യേശുക്രിസ്തു ഒരു സാധാരണ മനുഷ്യനായിരുന്നു എന്നും ക്രൂശ് മരണത്തോടെ എല്ലാം സമാപിച്ചു എന്നും എഴുതുവാൻ ആരംഭിച്ചു. എന്നാൽ യേശുവിനെ ക്രൂശിൽ തറച്ചപ്പോൾ സംഭവിച്ച അത്ഭുതപ്രതിഭാസങ്ങൾ ഒരു ചോദ്യ

*ശേഷം 12-ാം പേജിൽ*

# വിചാരങ്ങളും വിചാരപ്പെടലുകളും



ജെസി ബെൻസെൻ, കൊച്ചി

**ദൈ**വത്തിന്റെ വിചാരങ്ങളെക്കുറിച്ചുള്ള പല പരാമർശങ്ങളും തിരുവചനത്തിലുടനീളം നാം കാണുന്നത്. "നിന്റെ വിചാരങ്ങൾ അത്യന്തം അഗാധമായവ തന്നെ" (സങ്കീ 92:5); "നിന്റെ വിചാരങ്ങൾ എനിക്കു എത്ര ഘനമായവ" (സങ്കീ. 139:17) എന്നിങ്ങനെ ദൈവത്തിന്റെ വിചാരങ്ങളുടെ ആഴത്തെയും ഘനത്തെയും കുറിച്ച് പറഞ്ഞിരിക്കുന്നതു കൂടാതെ അവ വളരെയാകുന്നു എന്നും കാണുന്നു. "ഞങ്ങൾക്കുവേണ്ടിയുള്ള നിന്റെ വിചാരങ്ങളും വളരെയാകുന്നു" (സങ്കീ 40:5b) എന്ന വചനത്തിലെ, വിചാരങ്ങളുടെ എണ്ണത്തെക്കുറിച്ചുള്ള പരാമർശം പോലെ തന്നെ, അത് നമുക്കുവേണ്ടിയുള്ള വിചാരങ്ങളാണ് എന്നതും പ്രത്യേകം ശ്രദ്ധേയമാണ്.

നമുക്കുവേണ്ടിയുള്ള ദൈവത്തിന്റെ വിചാരത്തിന്റെ മറ്റൊരു പ്രത്യേകത, അവ നമ്മുടെ വിചാരങ്ങളുടെ നിലവാരത്തിലുള്ളതല്ല എന്നതാണ്. "എന്റെ വിചാരങ്ങൾ നിങ്ങളുടെ വിചാരങ്ങൾ അല്ല; നിങ്ങളുടെ വഴികൾ എന്റെ വഴികളുമല്ല എന്നു യഹോവ അരുളിച്ചെയ്യുന്നു. ആകാശം ഭൂമിക്കുമീതെ ഉയർന്നിരിക്കുന്നതു പോലെ എന്റെ വഴികൾ നിങ്ങളുടെ വഴികളിലും എന്റെ വിചാരങ്ങൾ നിങ്ങളുടെ വിചാരങ്ങളിലും ഉയർന്നിരിക്കുന്നു" എന്നു ദൈവം അരുളിച്ചെയ്യുന്നു (യെശ. 55:8,9). നമുക്കുവേണ്ടിയുള്ള നമ്മുടെ തന്നെ വിചാരങ്ങളെക്കാൾ വളരെ വ്യത്യസ്തവും ഉന്നതവുമാണ് നമുക്കുവേണ്ടിയുള്ള ദൈവത്തിന്റെ വിചാരങ്ങൾ.

മനുഷ്യരുടെ വിചാരങ്ങൾ അവരുടെ ഭൗതിക ആവശ്യങ്ങളെയും സാഹചര്യങ്ങളെയും മാത്രം ചുറ്റിപ്പറ്റിയുള്ളതാണ്. എന്നാൽ നമുക്കു വേണ്ടിയുള്ള ദൈവത്തിന്റെ വിചാരങ്ങൾ നമ്മുടെ ആത്മീയ ജീവിതവും നിത്യജീവനും സംബന്ധിച്ചുള്ളതാണ്. ദൈവം നമുക്കു അനുവദിച്ചു തരുന്ന സകല ജീവിത സാഹചര്യങ്ങളും നിത്യതയ്ക്കു വേണ്ടി നമ്മെ ഒരുക്കിയെടുക്കുന്നതിനുള്ള പരിശീലന പദ്ധതികളാണ് നാം കടന്നു പോകുന്ന ഓരോ ജീവിത സാഹചര്യങ്ങൾക്കും പിന്നിൽ നമ്മുടെ ആത്മീയ ജീവിതത്തെ രൂപാന്തരപ്പെടുത്തുവാൻ പര്യാപ്തമായ സൂക്ഷ്മമായ ഉദ്ദേശ്യങ്ങളുണ്ട്. നമ്മെ രൂപാന്തരപ്പെടുത്തുവാൻ ഏതുതരം സാഹചര്യങ്ങളാണോ ആവശ്യമുള്ളത് അത് മാത്രമാണ് ദൈവം നമുക്കു അനുവദിക്കുന്നത്. എനിക്കു മാത്രം എന്തുകൊണ്ടാണ് ഇങ്ങനെ ഒക്കെ ദൈവം അനുവദിക്കുന്നതെന്ന ചോദ്യത്തിന്, ഇങ്ങനെ അല്ലാതെ എന്നെ രൂപാന്തരപ്പെടുത്തുവാൻ മറ്റൊരു വഴിയുമില്ല എന്നതാണ് ഉത്തരം.

മാർത്ത കർത്താവിനോട് ചോദിക്കുന്നത് തന്റെ സഹോദരിയായ മറിയ തന്നെ ശുശ്രൂഷയ്ക്കു തനിച്ചു വിട്ടിരിക്കുന്നതിൽ വിചാരമില്ലയോ എന്നാണ് (ലൂക്കൊ. 10:40). ഞങ്ങൾ നശിച്ചുപോകുന്നതിൽ നിനക്കു വിചാരമില്ലയോ എന്നു ശിഷ്യന്മാർ കർത്താവിനോട് ചോദിക്കുന്നതായും നാം കാണുന്നുണ്ട് (മർക്കൊ 4:38). ഇതൊക്കെയും അവരുടെ ജീവിത സാഹചര്യങ്ങളെയും പ്രതിസന്ധികളെയും ചുറ്റിപ്പറ്റിയുള്ള ആശങ്കകളുടെ പ്രതിഫലനമായിരുന്നു. എന്നാൽ ദൈവസന്നിധിയിലിരുന്ന് ദൈവവചനം ശ്രദ്ധിക്കേണ്ടതിന്റെ പ്രാധാന്യത്തെയും ദൈവത്തിൽ ആശ്രയിക്കേണ്ടതിന്റെ ആവശ്യകതയെയും കുറിച്ച് അവരെ ബോധ്യപ്പെടുത്തുവാനാണ് കർത്താവ് ആ സാഹചര്യങ്ങളെ ഉപയോഗിച്ചത്. അവരെ നിത്യതയ്ക്കുവേണ്ടി ചമയിച്ച് ഒരുക്കുന്നതിനുള്ള അവസരങ്ങളായി കർത്താവ് അവ പ്രയോജനപ്പെടുത്തി (മത്തായി 6:30).

നമുക്കുവേണ്ടിയുള്ള ദൈവത്തിന്റെ വിചാരങ്ങൾ അത്യുന്നതവും അഗാധവും ഘനതരവുമൊക്കെ ആണെങ്കിലും നമുക്കുവേണ്ടി നാം തന്നെ വിചാരപ്പെടുവാൻ നമുക്കു അനുവാ

ദമില്ല. ഒന്നിനെക്കുറിച്ചും വിചാരപ്പെടരുതെന്നാണ് തിരുവചനം നമ്മെ ആവർത്തിച്ചു പഠിപ്പിക്കുന്നത് (ഫിലി. 4:6). കർത്താവു തന്റെ ഗിരിപ്രഭാഷണത്തിലും, ശരീരത്തിനായിക്കൊണ്ടോ ജീവനായിക്കൊണ്ടോ വിചാരപ്പെടരുത് എന്ന് ഉപദേശിച്ചിട്ട് എന്തുകൊണ്ട് വിചാരപ്പെടരുതെന്നും കൂടെ പറയുന്നുണ്ട് (മത്തായി 6:25-34).

എന്തുകൊണ്ട് വിചാരപ്പെടരുതെന്നുള്ളതിന് ഏഴ് കാരണങ്ങൾ ഈ ഭാഗത്തു നിന്നു മനസ്സിലാക്കാൻ കഴിയും. ഒന്നാമതായി ഭൗതിക കാര്യങ്ങളെക്കുറിച്ചുള്ള നമ്മുടെ വിചാരങ്ങൾ നൈമിഷികവും അപ്രധാനവും അനാത്മികവുമാകയാൽ നാം അവ സംബന്ധിച്ച് വിചാരപ്പെടുവാൻ ആവശ്യമില്ല. രണ്ടാമതായി, ആകാശത്തിലെ പറവകളുടെ ഉദാഹരണത്തിലൂടെ ഇതൊക്കെയും നിങ്ങൾക്കു ആവശ്യമെന്നു പിതാവു അറിയുകയാലും അവിടുന്ന് നിങ്ങളെ പുലർത്തുമെന്നതിനാലും വിചാരപ്പെടുവാൻ ആവശ്യമില്ലെന്നു പറഞ്ഞിരിക്കുന്നു. ഇത്ര സ്നേഹവാനായ പിതാവ് നമ്മെ അറികയും പുലർത്തുകയും ചെയ്തുകൊണ്ടിരിക്കുമ്പോഴും നാം വിചാരപ്പെടുന്നത് ആ പിതാവിന് അപമാനകരമാണ്.

വിചാരപ്പെടുന്നതുകൊണ്ട് യാതൊരു വ്യത്യാസവും വരുത്തുവാൻ കഴികയില്ലെന്നതും ഇവയൊക്കെയും ജാതികൾ അന്വേഷിക്കുന്നു എന്നതും മൂന്നാമത്തെയും നാലാമത്തെയും കാരണങ്ങളായി കാണപ്പെടുന്നു. ദൈനംദിനജീവിത കാര്യങ്ങൾക്കു വേണ്ടിയുള്ള വിചാരപ്പെടലുകൾ ഒരു ദൈവപൈതലിന്റെ ആത്മീയ ജീവിതനിലവാരത്തിനു ചേരുന്ന കാര്യമല്ല. അഞ്ചാമതായി അത് അല്പവിശ്വാസത്തിന്റെയും ദൈവാശ്രയമില്ലായ്മയുടെയും ലക്ഷണമായും ആറാമത് അത് ദോഷകരമാണെന്നും വെളിപ്പെടുത്തിയിരിക്കുന്നു. വിചാരപ്പെടുന്നത് ശാരീരികമായും മാനസീകമായും ആത്മികമായും നമ്മെ തളർത്തിക്കളയുമെന്നതിനാലാണ് അവ ദോഷകരമാണെന്നു പറഞ്ഞിരിക്കുന്നത്. ഏഴാമത്തെയും ഒടുവിലത്തെയുമായ കാരണം അത് കല്പനാലംഘനമാണ് എന്നതാണ്. അരുത് എന്ന് പറഞ്ഞിരിക്കയാൽ, ആകുലചിന്ത നിരോധിക്കപ്പെട്ടിരിക്കുന്ന കാര്യങ്ങളിൽ ഒന്നായി നമുക്കു മനസ്സിലാക്കാം.

എന്തുചെയ്യരുത് എന്നുപറഞ്ഞിരിക്കുന്നതിനൊപ്പം തന്നെ എന്തുചെയ്യണം എന്നുംകൂടെ പറഞ്ഞിട്ടുണ്ട്. ദൈവത്തിന്റെ രാജ്യവും നീതിയും അന്വേഷിക്കുന്നതിൽ ആത്മീയ കാര്യങ്ങളിൽ-വ്യാപൃതരായിരിക്കുക എന്നത് ആകുലചിന്തകളിൽ നിന്നും ഒഴിഞ്ഞിരിക്കുന്നതിനുള്ള നല്ലൊരു പോംവഴി ആണ്. ഒപ്പം ആവശ്യങ്ങളെ സ്തോത്രത്തോടെ ദൈവത്തെ അറിയിച്ചും ഭരമേല്പിച്ചും ഭാരമൊഴിഞ്ഞ് സ്വതന്ത്രരാകുകയും ചെയ്യാം. നാം എത്ര വിചാരപ്പെട്ടാലും സാഹചര്യങ്ങളെ അണുവിടപോലും വ്യതിചലിപ്പിക്കാൻ കഴികയില്ലെന്നറിഞ്ഞ് വിഷയം ദൈവസന്നിധിയിൽ ഭരമേല്പിച്ച് ശാന്തരായിരിക്കാം. ദൈവം കൃപ നല്കട്ടെ. ❑


---

*10-ാം പേജിൽ നിന്നും തുടർച്ച (പുസ്തകം മാറ്റി എഴുതിയ...)*

ചിഹ്നമായി അവശേഷിച്ചു. മൂന്നുമണിക്കൂർ സമയം ദേശത്തെല്ലാം അന്ധകാരം ഉണ്ടായി, യേശു പ്രാണനെവിട്ട സമയം ഭൂമികുലുങ്ങി, പാറകൾ പിളർന്നു, മറ്റനേകം അത്ഭുതങ്ങളും സംഭവിച്ചു. യേശു ഒരു സാധാരണ മനുഷ്യനല്ല എന്ന് അവർക്ക് ബോധ്യമായി. ഉത്ഥിതനായ യേശുക്രിസ്തുവിനെ അവർ കണ്ടുമുട്ടി. പുസ്തകമെഴുത്ത് അവിടെ നിലച്ചു. അവർക്കുണ്ടായ അനുഭവത്തെ ആസ്പദമാക്കി പുതിയ പുസ്തകമെഴുതാൻ തീരുമാനിച്ചു. അങ്ങനെ മാറ്റി എഴുതിയ പുസ്തകമാണ് "യേശുക്രിസ്തുവിന്റെ പുനരുത്ഥാനത്തിന്റെ ചരിത്രപരമായ തെളിവുകളുടെ നിരീക്ഷണം" (Observations of the History and evidences of the Resurrection of Jesus Christ)

യേശുക്രിസ്തു സാക്ഷാൽ ദൈവപുത്രനാണെന്നും അവൻ പുനരുത്ഥാനം പ്രാപിച്ച് സ്വർഗ്ഗത്തിലേക്കു കരേറി എന്നും ശക്തിയുക്തം എഴുതപ്പെട്ട ഈ വിശിഷ്ട ഗ്രന്ഥത്തിന്റെ പശ്ചാത്തലത്തിൽ സുപ്രസിദ്ധവും പുരാതനവുമായ ഓക്സ്ഫോർഡ് സർവ്വകലാശാലയിൽ നിന്നും വെസ്റ്റിന് ഡോക്ടറേറ്റ് പദവി ലഭിക്കുകയുണ്ടായി. ശതക്കണക്കിന് ആളുകൾ ഈ പുസ്തകം വായിക്കുകയും ഉത്ഥിതനായ യേശുക്രിസ്തുവിൽ വിശ്വസിക്കുകയും ചെയ്തു. (തുടരും). ❑

# ചൊട്ടയിലെ ശീലം ചുടലവരെ



ഡോ. കുഞ്ഞുമോൻ ചാക്കോ, കോട്ടയം

**കി**ണിം കിണിം കിണിം കിണിം.... അല്പമൊന്ന് മയങ്ങാമെന്നു വിചാരിച്ച് കിടന്നതാണ്. രാത്രി യാത്ര ചെയ്ത് വെളുപ്പിനാണ് എത്തിയത്. എന്റെ ഇളയമകൻ ബിന്നി ഫോണെടുത്തു. പോലീസ് സ്റ്റേഷനിൽ നിന്നാണ്. "ചാക്കോ സാറുണ്ടോ?" റിസീവർ താഴ്ത്തി വെച്ചിട്ട് 'പപ്പേ ഫോൺ' എന്നു വിളിച്ചു പറഞ്ഞിട്ട് അവൻ മുറ്റത്തേക്ക് കളിക്കാൻ പോയി.

ഞാൻ ഫോൺ എടുത്തു. "എന്താ സാറേ, മിഷൻ പൊട്ടുകയാണോ? നിങ്ങളുടെ കൂടെ പാട്ടും പ്രസംഗവുമായി നടന്ന ഒരുത്തൻ ഇന്നലെ കസ്റ്റഡിയിൽ വന്നിട്ടുണ്ട്. വൈകിട്ട് 6 മണിക്ക് ഇവിടംവരെ വരണമെന്ന് സർക്കിളദ്ദേഹം പറഞ്ഞിട്ട് പുറത്തുപോയി."

**ഡോ. കുഞ്ഞുമോൻ ചാക്കോ എഴുതിയ "തടവുകാരെ തേടി" എന്ന പുസ്തകത്തിൽ നിന്നും**

"ശരി, വന്നേക്കാം" എന്ന് മറുപടി പറഞ്ഞ് ഞാൻ റിസീവർ താഴ്ത്തുവച്ചു. ഉറക്കക്ഷീണംകൊണ്ടുണ്ടായിരുന്ന അസ്വസ്ഥത ഇതുകൂടി കേട്ടപ്പോൾ തലവേദനയായി മാറി. പരാജയങ്ങളെ സാധാരണ ഭയപ്പെടാത്ത പ്രകൃതിയാണെനിക്ക്. ആരായിരിക്കും അത്, എന്തായിരിക്കും സംഭവം, ഇനി എന്തു ചെയ്യും എന്നെല്ലാം ചിന്തിച്ചുകൊണ്ട് ഞാൻ മുറ്റത്തുകൂടി നടന്നു. മക്കൾക്ക് അസുഖമാകുമ്പോൾ അപ്പൻ നടക്കുന്നതുപോലെ. കൂടെ നടന്നവനെ പോലീസ് പിടിച്ചു എന്നതിനേക്കാളേറെ എന്നെ ചിന്തിപ്പിച്ചത്, മിഷൻ പൊട്ടുകാണോ എന്ന ചോദ്യമായിരുന്നു. പെട്ടെന്ന് ഒരു സഹോദരൻ വീട്ടിലേക്ക് വന്നു. പ്രശ്നം ഒന്നു പറഞ്ഞ് ആലോചന ചോദിക്കാം എന്നു കരുതി ഞാൻ സംഗതി അദ്ദേഹത്തോട് പറഞ്ഞു. വെളുക്കാൻ തേച്ചത് പാണ്ടായി എന്ന പ്രതീതിയായിരുന്നു മറുപടി കിട്ടിയപ്പോൾ. "ഉപദേശിയായാൽ വല്ല സഭയിലും ഒതുങ്ങിക്കൂടി നേതാക്കന്മാരു പറയുന്നതൊക്കെ കേട്ട് കൺവൻഷനും കല്യാണവും ഒക്കെ നടത്തിപ്പോയാൽ പോരേ? ഇപ്പോഴത്തെ കാലത്ത് നല്ല കാശും കിട്ടും. സ്വന്തം കാര്യം നോക്കി പോകണം. ഈ വക ഒരു പ്രശ്നമോ ശല്യമോ ഇല്ല".

വന്ന സഹോദരന് ഒരു ചെറിയ സ്റ്റഡി ക്ലാസ് എടുക്കേണ്ടി വന്നു. ഉപദേശി ആകുക എന്നുപറഞ്ഞാൽ സ്വന്തകാര്യവും ഭാര്യ, മക്കൾ അവരുടെയും കാര്യം നോക്കി പോകുന്നതല്ലെന്നും, സുവിശേഷം മനുഷ്യനെ രക്ഷയിലേക്ക് നടത്തുക മാത്രമല്ല മനുഷ്യന്റെ മുഴുവൻ ആവശ്യങ്ങളെയും സഹായിക്കുന്ന ഒന്നാണെന്നും വേദനിക്കുന്നവനെയും വിശക്കുന്നവനെയും അവഗണിക്കുന്നതല്ല എന്നും പറഞ്ഞു. Total Gospel For the Total Person എന്ന തത്ത്വം ഞാൻ വിശദീകരിക്കുവാൻ ശ്രമിച്ചുവെങ്കിലും യാഥാസ്ഥിതികനായ അദ്ദേഹം പ്രശ്നങ്ങളിൽനിന്നും ഒഴിഞ്ഞുമാറി പുസ്തകത്തിലേക്ക് വലിയുന്ന ആത്മീയത്തിന്റെ ഒരു വക്താവായിരുന്നു. അതിന് escapism എന്ന് പേരു പറയും എന്നും പറഞ്ഞ് ഞാൻ സംഭാഷണം അവസാനിപ്പിച്ചു.

6 മണിക്ക് സ്റ്റേഷനിലെത്തുമ്പോൾ സർക്കിൾ ഇൻസ്പെക്ടർ എന്നെ കാത്തിരിക്കുന്നുണ്ടായിരുന്നു. ജയിലിലെ പ്രവർത്തനങ്ങളെ നേരിട്ടറിയാവുന്ന ഒരു ഓഫീസറായിരുന്നതിനാൽ നേരിയ ചിന്താകുലത്തോടുകൂടിയാണ് പ്രതിയെ എനിക്കു കാണിച്ചു തന്നത്. കൈയിൽ വിലങ്ങുമായി വന്ന വിജയനെ കണ്ടപ്പോൾഎനിക്ക് സങ്കടം തോന്നി. ദുർഗ്ഗുണപരിഹാര പാഠശാലയിൽ നിന്നും വിട്ടപ്പോൾ നേരെ എന്നെ അന്വേഷിച്ചുവന്നവനാണല്ലോ ഇത്. ഉണ്ണാനും ഉടുക്കാനും ഉള്ളതിന് ക്രമീകരണങ്ങൾ നല്കി. ഒരു തൊഴിലും പഠിപ്പിച്ച് ജീവിതത്തിൽ ഒരു ലക്ഷ്യസ്ഥാനത്ത് എത്തി മാന്യമായി ജീവിക്കുവാനുള്ള പന്ഥാവിലേക്ക് ഒരു പരിശീലന പരിപാടി ഞങ്ങൾക്കുണ്ട്. ആ പ്രോഗ്രാമിൽ നിന്നും ഒരു ദിവസം അവൻ ചാടിപ്പോയി. ഞാൻ അന്ന് വാഷിംഗ്ടണിലെ

പ്രിസൺ ഫെലോഷിപ്പ് ട്രെയിനിംഗ് കോഴ്സി ലായിരുന്നു. ചാടിപ്പോയ പയ്യൻ ആദ്യം കയറി മോഷ്ടിച്ചത് എന്റെ ഓഫീസിൽ നിന്നായി രുന്നു. കതകിന്റെ ചില്ലുപൊട്ടിച്ചിറങ്ങിയപ്പോൾ പുറത്തുകിട്ടിയ മുറിവ് കരിഞ്ഞുവെങ്കിലും പാട് ശേഷിക്കുന്നുണ്ടായിരുന്നു. ഓഫീസിലെ മോഷണ വൃത്താന്തം എന്റെ ഭാര്യ പോലീ സിനെ അന്നേ അറിയിച്ചിരുന്നു.

ഞങ്ങൾ പല മണിക്കൂറുകൾ വിജയ നുവേണ്ടി കൗൺസലിംഗിൽ ചെലവഴിച്ചതാണ്. പലരും അവനുവേണ്ടി പ്രാർത്ഥിച്ചതാണ്. 6 മാസം കൂടെ ഉണ്ടായിരുന്നപ്പോഴത്തെ കാര്യ ങ്ങൾക്കായി പലർ സഹായിച്ചതാണ്. അതെല്ലാം നഷ്ടപ്പെട്ടുവോ എന്ന് ഞാൻ സംശ യിച്ചു. വിജയനിൽക്കൂടി ഞാനൊരു നല്ല പൗരനെ കണ്ടുകൊണ്ടിരുന്നു. "ഇതാ വഞ്ചി പിന്നെയും തിരുനക്കരെ തന്നെ'. ഒരു ഇടത്തരം കുടുംബത്തിലെ മൂത്തപുത്രനാണ് വിജയൻ. പതിനൊന്ന് വർഷത്തെ ദാമ്പത്യജീവിതത്തിൽ കാണാൻ കൊതിച്ചുണ്ടായതാണ് ഇവൻ. അമി തമായ ലാളനയും സ്വാതന്ത്ര്യവും ലഭിച്ചവൻ തന്നിഷ്ടക്കാരനും മത്സരിയുമായി പ്രൈമറി വിദ്യാഭ്യാസം പൂർത്തീകരിച്ചു. വീടുവിട്ട് പല പ്രാവശ്യം ഇറങ്ങി അലഞ്ഞു തിരിഞ്ഞു നടന്നു. അങ്ങനെ പോലീസ് പിടിച്ച് ലോക്ക പ്പിലാക്കി. പ്രായക്കുറവായതിനാൽ സ്വഭാവസം സ്കരണത്തിന് സർട്ടിഫൈഡ് സ്കൂളിലയച്ചു. സബ് ജയിലിൽ കിടന്നപ്പോൾ ആശാന്മാർ ആരോ വിദ്യകളെല്ലാം പഠിപ്പിച്ചാണ് വിട്ടത്. വിജയൻ ഒരിക്കലും തിരുത്താനാവാത്ത മോഷ്ടാവായിത്തീർന്നിരിക്കുകയാണെന്നുള്ള സർക്കിളിന്റെ പ്രസ്താവന ഒരു ഞെട്ടലോടെ യാണ് ഞാൻ കേട്ടത്. പോലീസ് മർദ്ദിക്കുമെ ന്നതിലോ ഒന്നും പേടിയില്ല അവന്. വേദനയെ ജയിച്ചവനാണ്. മറ്റുള്ളവർക്ക് വേദന വരുത്തി രസിക്കുന്നവനാണ്. ഉത്സവസ്ഥലങ്ങൾ, പെരു ന്നാൾ സ്ഥലങ്ങൾ ഇവ പ്രവർത്തന രംഗങ്ങ ളാണ്. ഏത് വാതിലും തകർക്കും. ഏതു പൂട്ടും പൊളിക്കും.

വിജയൻ ആ വിധത്തിലായതിൽ മാതാ പിതാക്കൾ നിരപരാധികൾ അല്ല. അമിതമായ ലാളനയും സ്വാതന്ത്ര്യവും ലഭിക്കുന്ന കുട്ടികൾ വഴിതെറ്റിപോകുവാൻ സാദ്ധ്യതയുണ്ട്. ശൈശ വത്തിലും ബാല്യത്തിലും കുട്ടികളെ ശിക്ഷിച്ചു വളർത്താനുള്ള ഉത്തരവാദിത്വം മാതാപിതാ ക്കൾക്കുണ്ട്. വിജയന്റെ മാതാപിതാക്കൾ ഹൈന്ദവരാണ്. വിളക്കു കൊളുത്തിയാൽ നാമം ജപിക്കണം. ഈശ്വരപ്രാർത്ഥന മുടക്കു വാൻ പാടില്ല. എന്നാൽ വിജയൻ വളർന്നു വന്ന അന്തരീക്ഷത്തിൽ അതില്ലായിരുന്നു. ഈശ്വരാ രാധനയും കുടുംബാരാധനയും ഇല്ലാത്ത മക്കൾ ദുഷിച്ചുപോകുന്നു. സാന്മാർഗ്ഗിക പാഠ ങ്ങൾ വീട്ടിൽ നിന്നാണ് കുട്ടികൾ പഠിക്കു ന്നത്. ചോറും ചൊല്ലും കൊടുക്കണം. ഇന്ന് ചോറു കൊടുക്കണമെന്നേയുള്ളൂ മാതാപിതാ ക്കൾക്ക്. ചൊല്ലുകൊടുക്കണമെന്നില്ല, അതു കേൾക്കണമെന്നുമില്ല. കുട്ടികളുണ്ടാകുവാൻ താമസിച്ചതിലുള്ള വൈകല്യം ഭാര്യയും ഭർത്താവും അന്യോന്യം ആരോപിച്ചു. അന്യോന്യം സ്നേഹവും ബഹുമാനവും തുടർന്ന് വിശ്വാസവും ഇല്ലാതായി. ഫലമോ, താന്തോന്നിയായ മകൻ. ഒരു അപ്പന് മക്കളിൽ നിന്നു കിട്ടുന്ന ഏറ്റവും വലിയ സമ്പാദ്യം അവ രുടെ സ്നേഹവും ബഹുമാനവുമാണ്. അമ്മയും മക്കളും സൈഡാണ് ചില വീടുക ളിൽ; അപ്പൻ ഒറ്റയും. അത് മക്കളെ വഴിതെറ്റി ക്കും.

മക്കളെ ദൈവഭയത്തിലും മനുഷ്യ സ്നേഹത്തിലും വളർത്തുവാനുള്ള ഉത്തരവാ ദിത്വം മാതാപിതാക്കൾക്കാണ്. ഇവിടെ പരാ ജയപ്പെടുന്നവർ സമൂഹത്തിന് കനത്ത ഭാരങ്ങ ളാണ് സൃഷ്ടിക്കുന്നത്. കുട്ടികളെ വളരെ സ്നേഹിക്കണം. എന്നാൽ ശാസനയും ശിക്ഷയും ഒട്ടും കുറയ്ക്കരുത്. തകർന്നുപോയ കുടുംബങ്ങളിൽനിന്നും ദൈവഭയവും പ്രാർത്ഥ നയും ഇല്ലാത്ത ഭവനങ്ങളിൽ നിന്നും വരുന്ന വരാണ് ജയിലിലുള്ളതിലധികവും. രാജ്യ ത്തിന്റെ ഏറ്റവും ചെറിയ ഘടകം കുടുംബമാ ണ്, കുടുംബത്തിന്റെ വലിയ സമ്പത്താണ് കുട്ടി കൾ. ഇന്ന് പല വീടുകളിലും അനുസരണ യുള്ള പട്ടികളുണ്ട്. പക്ഷെ കുട്ടികൾ അനുസ രണയില്ലാത്തവരാണ്. പടവലങ്ങായും റബ്ബർ തൈയും വളഞ്ഞുപോകാതെ നേരെ വളർത്തു വാൻ ശ്രമിക്കുന്നതിന്റെ പകുതിപോലും മക്കളെ നേരെ വളർത്തുന്നതിൽ കാണിക്കു ന്നില്ല. പാശ്ചാത്യനാടുകളിലെ ഏറ്റവും വലിയ ശാപം അമ്മയപ്പന്മാരെ അനുസരിക്കാത്ത സ്വാർത്ഥമതികളും ഉഗ്രന്മാരും വമ്പന്മാരുമായ മക്കളാണ്. വായനക്കാരാ, കുടുംബജീവിതത്തെ ഒന്നു പരിശോധിക്കുമോ?

"ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്ക, അവൻ വൃദ്ധനായാലും അത് വിട്ടുമാറുകയില്ല' എന്നാണ് ജ്ഞാനി യായ ശലോമോൻ പറഞ്ഞിരിക്കുന്നത്. ❑

# മഹാമാരിയുടെ ഗതകാലചരിത്രത്തിൽ ക്രൈസ്തവമിഷണറിയുടെ ഹൃദയസ്പർശിയായ സ്മരണ



പാസ്റ്റർ എ. ജെ. ജോൺ കൊഴുവല്ലൂർ

**ലോ**കം മുഴുവൻ കോവിഡ് ഭീതിയിലായിരിക്കുമ്പോൾ മഹാമാരിയുടെ കാലത്ത് നിസ്വാർത്ഥരായി രോഗികളെ ചികിത്സിക്കുകയും പരിചരിക്കുകയും ചെയ്യുന്ന ആതുരസേവന രംഗത്തുള്ളവരെ നാം അഭിനന്ദിക്കുകയും വിശിഷ്യാ ദൈവമക്കൾ രോഗികൾക്കായി പ്രാർത്ഥിക്കുന്നതുപോലെ ആരോഗ്യപ്രവർത്തകർക്കായും പ്രാർത്ഥിക്കേണ്ടതുമാണ്.

മഹാമാരിയുടെ ചരിത്രത്തിൽ വസൂരിയും, പ്ലേഗും മറ്റും പടർന്നു പിടിച്ചപ്പോൾ വൈദ്യശാസ്ത്രം ഇത്രയും പുരോഗമിച്ചിരുന്നില്ല. എന്നാൽ ശാസ്ത്രപുരോഗതിയുടെ ആധുനികയുഗത്തിലും കൊറോണാ വൈറസ്സിന്റെ സംഹാരതാണ്ഡവത്തിനു മുന്നിൽ ശാസ്ത്രലോകം പകച്ചു നില്ക്കുകയാണ്. കൊറോണാ വൈറസ്സിനെയും അതിജീവിക്കാൻ ശാസ്ത്രത്തിനു കഴിയട്ടെ എന്നു ആശിക്കാം. ശാസ്ത്രപുരോഗതിയിൽ "തലമറന്നു എണ്ണ തേക്കുന്ന'' നിരീശ്വരവാദികൾക്ക് ഇതൊരു മുന്നറിയിപ്പുകൂടിയാണ്. ശാസ്ത്രം എത്ര പുരോഗമിച്ചാലും മനുഷ്യനു പരിമിതികൾ ഉണ്ടെന്നും ദൈവം അപരിമേയനാണെന്നും തിരിച്ചറിയേണ്ടതാണ്. ക്രൈസ്തവർ ശാസ്ത്രത്തിന് എതിരല്ല. ഒരു കാലത്ത് കത്തോലിക്കാമതം ശാസ്ത്രവിരോധികളായി ശാസ്ത്രജ്ഞരെ തുറുങ്കിലടയ്ക്കുകയും നിഷ്ക്കരുണം വധിക്കുകയും ചെയ്തതിന്റെ പേരിൽ നിരീശ്വരവാദികൾ ക്രൈസ്തവരെ ശാസ്ത്രവിരോധികൾ എന്നു മുദ്രകുത്തുന്നത് അടിസ്ഥാനരഹിതമാണ്. ആധുനിക ശാസ്ത്രത്തിനു വഴികാട്ടിയായി ബൈബിൾ പ്രയോജനപ്പെട്ട ധാരാളം സംഭവങ്ങളുണ്ട്. ശാസ്ത്രജ്ഞന്മാരിൽ സിംഹഭാഗവും ദൈവവിശ്വാസികളായ ക്രൈസ്തവരായിരുന്നു എന്നതും ഇന്നും അങ്ങനെതന്നെ എന്നതും വിസ്മരിക്കാവുന്നതല്ല.

ഇന്ത്യയിൽ ഒരുകാലത്ത് പ്ലേഗും വസൂരിയും പടർന്നു പിടിച്ചപ്പോൾ ഗ്രാമങ്ങളിലെ സാധുക്കളായ ജനത്തിനു രക്ഷകരായി പ്രവർത്തിച്ച അനേകം മിഷണറിമാരുണ്ട്. എന്നാൽ പ്ലേഗ് ബാധിതരെ ശുശ്രൂഷിക്കുകയും മരിച്ചവരുടെ ശവസംസ്കാരം നടത്താൻ വേണ്ടതെല്ലാം ചെയ്യുകയും ഒടുവിൽ താനും രോഗാതുരനായി മരണാസന്നനായപ്പോൾ തനിക്ക് ശവസംസ്കാരശുശ്രൂഷ ചെയ്യുവാൻ ആരുമില്ല എന്ന തിരിച്ചറിവിൽ സ്വയം ശവപെട്ടി ഉണ്ടാക്കി. സ്വയം കുഴിയെടുത്ത് അതിലിറക്കി വച്ച ശവപ്പെട്ടിയിൽ കയറിക്കിടന്നു പ്രത്യാശയുടെ ഗാനം വയലിനിൽ വായിച്ച് വായിച്ച് ക്രമേണ ശബ്ദം നിലച്ച തന്ത്രികൾക്കൊപ്പം ശ്വാസം നിലച്ച് നിത്യതയുടെ തീരം പൂകിയ മിഷണറിശ്രേഷ്ഠൻ തിയോഡർ നേത്തറിന്റെ ദാരുണാന്ത്യംപോലെ ലോകചരിത്രത്തിൽ വേറെ ഉണ്ടോ എന്നറിയില്ല.

1866 സെപ്തംബർ 14-നു ജർമ്മനിയിലെ സാക്സനയിൽ ജനിച്ച തിയോഡർ നേത്തർ 1895 ജനുവരി 20-നു തൂത്തുക്കുടി തുറമുഖത്ത് കപ്പലിറങ്ങി. തമിഴ്നാട്ടിലെ സേലം ജില്ലയിലെ കൃഷ്ണഗിരിയിലാണ് അദ്ദേഹം പ്രേഷിതപ്രവർത്തനം നടത്തിവന്നത്. 1904-ൽ കൃഷ്ണഗിരി പ്രദേശത്ത് പടർന്നു പിടിച്ച പ്ലേഗ് മഹാമാരി നൂറുകണക്കിന് ജീവൻ അപഹരിച്ചു. പ്ലേഗ് ബാധിക്കുന്നവർ ഏകദേശം ഒരാഴ്ച കൊണ്ടു മരിക്കുകയാണ് പതിവ്. രോഗബാധിതരെ അർദ്ധപ്രാണരായി ഉപേക്ഷിച്ച് ബന്ധുക്കൾ പലായനം ചെയ്യുക പതിവായ സാഹചര്യത്തിലാണ് കർത്തൃദാസനായ നേത്തർ നിസ്വാർത്ഥനായി രോഗികളെ ശുശ്രൂഷിച്ച് സ്വയം മരണം വരിച്ചത്. 2006-ൽ ആമ്പൂരിൽ നിന്നും പ്രസിദ്ധീകരിച്ച ഇന്ത്യൻ ഇവാഞ്ചലി

*ശേഷം 18-ാം പേജിൽ*

# മഞ്ഞക്കുതിരയും മഹാമാരിയും

പാസ്റ്റർ ജോസഫ് ഇടക്കാട്ടിൽ



നക്ഷത്രമണ്ഡലത്തിൽ കൂടുവയ്ക്കുവാൻ പരിശ്രമിക്കുന്ന ആധുനിക മനുഷ്യന്റെ വീഴ്ചയുടെ പാഠമാണ് ഈ കൊറോണാ നമ്മളെ പഠിപ്പിക്കുന്നത്. എല്ലാ പ്രശ്നങ്ങളുടെയും അവസാനവാക്ക്ശാസ്ത്രമാണെന്ന് വീമ്പടിച്ച മനുഷ്യൻ നിസ്സഹായനായി സ്തംഭിച്ചു നില്ക്കുന്ന കാഴ്ചയാണ് ലോകത്തെല്ലായിടത്തുനിന്നും ലഭിക്കുന്നത്. ഇത് എഴുതുമ്പോൾ എന്റെ മനസ്സിലേക്ക് ഓടിവരുന്നത് യിരെമ്യാവിന്റെ പ്രവചന പുസ്തകം മുപ്പതാം അദ്ധ്യായത്തിലെ ഒരു വചനമാണ്. "ഏതു പുരുഷനും നോവുകിട്ടിയ സ്ത്രീയെപ്പോലെ കൈ നടുവിന് കൊടുത്തിരിക്കുന്നതും, ഏത് മുഖവും വിളറിയിരിക്കുന്നതും ഞാൻ കാണുന്നത് എന്ത്?'.

ലോകത്തിലെ വികസിതരാജ്യങ്ങളിലെ ഭരണാധികാരികൾപോലും നടുവിന് കൈ കൊടുത്ത് നിരാശാഭരിതരായിത്തീർന്നിരിക്കുന്നു. ലോകമെങ്ങുമുള്ള വീണ്ടെടുക്കപ്പെട്ട ദൈവജനത്തിനും ഇത് ഒരു പരീക്ഷണകാലമാണ്. അനുതപിച്ച് മടങ്ങിവരുക എന്നുള്ളത് അടുത്ത കാലംവരെ വളരെ മനോഹരമായ ഒരു പ്രസംഗവിഷയം മാത്രമായിരുന്നു മിക്കവർക്കും. എന്നാൽ ഈ നാളുകൾ തന്നെത്തന്നെ താഴ്ത്തി കുറവുകൾ ദൈവത്തോട് ഏറ്റുപറഞ്ഞ് ഉപവസിക്കുവാനും പ്രാർത്ഥിക്കുവാനും ദൈവം ഒരുക്കിയ നാളുകളാണിതെന്ന് നാം തിരിച്ചറിഞ്ഞാൽ നല്ലതായിരുന്നു. ഇത്രയുംകാലം നടത്തിയിരുന്ന ഉപവാസ പ്രാർത്ഥനകളൊക്കെ മറ്റുള്ളവരെ പരിശോധിക്കുവാനും മടക്കിവരുത്തുവാനുമുള്ളതായിട്ടാണല്ലോ നാം ഓരോരുത്തരും കരുതിയത്. അതുകൊണ്ട് സകലഹൃദയങ്ങളെയും അറിയുന്ന ദൈവം തമ്പുരാന്റെ പദ്ധതിയിൽപ്പെട്ടതുതന്നെയാണ് ഈ ''വീട്ടുതടങ്കൽ'' കാലം.

ഈ കാലയളവിൽ എല്ലാസ്ഥലങ്ങളിൽ നിന്നും ഉയർന്നുവരുന്ന ഒരു ചോദ്യമാണ് ദൈവമാണോ കൊറോണാ കൊണ്ടുവന്നത്? ദൈവത്തിനെന്താ ഇതു നിയന്ത്രിക്കാൻ കഴിയില്ലേ? പ്രാർത്ഥനകളൊക്കെ എവിടെപ്പോയി ഒളിച്ചു? വളരെ ലളിതമായി ഇതിനു മറുപടി പറയാൻ ശ്രമിക്കാം. ദൈവമല്ല കൊറോണയെ കൊണ്ടുവന്നത്. എന്നാൽ ദൈവമറിയാതെ ഒന്നും സംഭവിക്കുന്നില്ല. മിക്ക പ്രകൃതി ദുരന്തങ്ങളും മനുഷ്യന്റെ പ്രകൃതി വിരുദ്ധ പ്രവർത്തനത്തിന്റെ ഫലമാണ്. കഴിഞ്ഞ രണ്ടുമഴക്കാലത്തുമുണ്ടായ ശക്തമായ പ്രളയം ആരാണ് കൊണ്ടുവന്നത്? നമ്മുടെയൊക്കെ കുട്ടിക്കാലത്ത് ഇതിനേക്കാൾ ഒക്കെ ശക്തമായ മഴ, ഇതിനേക്കാൾ ദിവസം നീണ്ടുനിന്നിട്ടും ഇത്ര ഭയാനകമായ വെള്ളപ്പൊക്കമുണ്ടായിട്ടില്ല. നമ്മുടെ പാടങ്ങൾ മണ്ണിട്ടുനികത്തുകയും പറമ്പുകളിൽ ടൈൽസ് വിരിക്കുകയും ചെയ്തപ്പോൾ മഴവെള്ളത്തിന് മണ്ണിലേക്ക് ഇറങ്ങുവാൻ കഴിയാതെ കുത്തിയൊലിച്ച് പാഞ്ഞപ്പോഴാണ് പ്രളയമുണ്ടായത്.

ഇതുപോലെ തന്നെ കോവിഡ് വൈറസുകൾ വുഹാനിൽ നിന്ന് പൊട്ടിപ്പുറപ്പെട്ടതും മനുഷ്യന്റെ പ്രകൃതിയോടുള്ള അതിക്രമത്തിന്റെ പരിണതഫലമാണ്. കാട്ടിൽ ജീവിക്കേണ്ട വന്യജീവികളെ പിടിച്ചുകൊണ്ടുവന്ന് ജീവനോടെയും അല്ലാതെയും ഭക്ഷ്യാവശ്യത്തിനായി വില്പന നടത്തിയിരുന്ന വൂഹാനിൽ നിന്നാണ് ഈ മാരക വൈറസ് പൊട്ടിപ്പുറപ്പെട്ടത്. ഈനാംപേച്ചിയും, മരപ്പട്ടിയും, വവ്വാലും, പാമ്പും, തേളുമൊക്കെ വേവിച്ചും വേവിക്കാതെയുമൊക്കെ വില്ക്കപ്പെട്ടിടത്തു നിന്നാണ് ഇതിന്റെ ആരംഭം.

ഇവയൊക്കെ സാധാരണഗതിയിൽ മനുഷ്യൻ ഭക്ഷണത്തിനായി ഉപയോഗിക്കാത്ത ജീവി കളാണല്ലോ. അതിന്റെ തിരിച്ചടിയാണ് പ്രകൃതി നല്കിയത്. ലോകത്തിന്റെ മുഴുവൻ സാമ്പ ത്തിക മേൽക്കോയ്മ നേടുന്നതിനായി ചൈന അവരുടെ ലബോറട്ടറിയിൽ കൃത്രിമമായി ഉണ്ടാക്കിയതാണ് കൊറോണാ വൈറസ് എന്നും ചിലർ അഭിപ്രായപ്പെടുന്നുണ്ട്. അതിന്റെ സത്യാവസ്ഥ ഇനിയും തിരിച്ചറി യേണ്ടിയിരിക്കുന്നു. ചൈനയിലെ വൻനഗര ങ്ങളായ ഷാങ്ഹായിയെയും, ബെയ്ജിംഗി നെയും കാര്യമായി ബാധിക്കാതിരുന്നതും വുഹാനിൽത്തന്നെ അതിനെ പെട്ടെന്ന് നിയ ന്ത്രണവിധേയമാക്കിയതുമെല്ലാം ചേർത്തു വായിക്കുമ്പോൾ സാധാരണക്കാരനുപോലും ഇത്തരം സംശയങ്ങൾ ഉണ്ടാവും. ഏതാ യാലും പ്രകൃതിയുടെമേൽ മനുഷ്യൻ നടത്തുന്ന കടന്നുകയറ്റത്തിന് തിരിച്ചടി നല്കു വാൻ പ്രകൃതിക്ക് അതിന്റേതായ മാർഗ്ഗങ്ങളും രീതികളുമുണ്ട്. അതൊക്കെ മനുഷ്യന് താങ്ങാൻ കഴിയാത്തതായിമാറുന്നു എന്ന താണ് ചരിത്രം പഠിപ്പിക്കുന്നത്. വിശ്വാസിക ളുടെ മനസ്സിൽ ഈ അവസരത്തിൽ ഉയരുന്ന ഒരു പ്രധാനസംശയം ഇത്തരം മഹാമാരികൾ കർത്താവിന്റെ മടങ്ങിവരവിന്റെയും ലോകാ വസാനത്തിന്റെയും ലക്ഷണങ്ങളാണോ എന്നതാണ്. കഴിഞ്ഞ നൂറ്റാണ്ടുകളിലും ഇതുപോലെയുള്ള, അല്ലെങ്കിൽ ഇതിനേക്കാൾ മാരകമായ മഹാമാരി പൊട്ടിപ്പുറപ്പെട്ടിട്ടുണ്ട്. അപ്പോഴൊന്നും ലോകാവസാനവും സംഭവിച്ചി ല്ലല്ലോ എന്നതും ന്യായമായ സംശയമാണ്. ഈ ഒരു മഹാമാരിയുടെ ലക്ഷണം മാത്രംവെച്ച് ഉടനെ അന്ത്യകാലമായി എന്ന് പ്രസംഗി ക്കുന്നത് ശരിയല്ല. എന്നാൽ ഇതൊക്കെ ഈറ്റുനോവിന്റെ ആരംഭമാണെന്ന കാര്യത്തിൽ സംശയം വേണ്ട.

വെളിപ്പാടു പുസ്തകം ആറാം അദ്ധ്യായത്തിൽ ഒരു മഞ്ഞക്കുതിരയെക്കുറിച്ച് രേഖപ്പെടുത്തിയിരിക്കുന്നു. അതിന്മേൽ ഇരി ക്കുന്നവന് മരണം എന്നു പേർ, പാതാളം അവനെ പിന്തുടർന്നു; അവർക്ക് വാളു കൊണ്ടും, ക്ഷാമം കൊണ്ടും മഹാവ്യാധി കൊണ്ടും ഭൂമിയിലെ കാട്ടുമൃഗങ്ങളെ ക്കൊണ്ടും കൊന്നുകളവാൻ ഭൂമിയുടെ കാലംശത്തിന്മേൽ അധികാരം ലഭിച്ചു. ഇവിടെ മുദ്രകൾ പൊട്ടിക്കുന്നത് കുഞ്ഞാടായ കർത്താവാണ്. എന്നാൽ മഹാപീഡനം നടത്തുന്നത് എതിർക്രിസ്തുവും അവന്റെ ആളുകളുമാണ്. ഇത് യേശുക്രിസ്തുവിന്റെ രക്തബലിയിൽ വിശ്വസിച്ച ദൈവജനത്തിന്റെ ഉൽപ്രാപണത്തിനുശേഷം സംഭവിക്കുന്ന കാര്യങ്ങളാണ്. അതുകൊണ്ട് വിശ്വാസി കൾക്ക് പീഡനങ്ങളും കഷ്ടതകളും വരു മെങ്കിലും അന്ത്യകാലത്ത് സംഭവിക്കാനുള്ള എതിർ ക്രിസ്തുവിന്റെ വാഴ്ചക്കാലത്തെ മഹാപീഡനത്തിലൂടെ ദൈവമക്കൾ കടന്നു പോകയില്ല. അന്ത്യകാല ലക്ഷണങ്ങൾ പഠി ക്കുമ്പോൾ ക്ഷാമവും മഹാമാരിയുമൊക്കെ പരസ്പരം ബന്ധപ്പെട്ടതാണെന്ന് മനസ്സി ലാക്കാം. മഹായുദ്ധങ്ങളെ തുടർന്ന് ക്ഷാമം ഉണ്ടാകുമെന്ന് നമുക്കെല്ലാവർക്കും അറിയാം. അന്ത്യകാലത്തു സമ്പന്നരാജ്യങ്ങൾക്ക് എങ്ങ നെയാണ് ക്ഷാമം ഉണ്ടാകുകയെന്നതു മുമ്പ് എന്നെ അതിശയിപ്പിച്ച കാര്യമാണ്. കോവിഡ് എന്ന മഹാമാരിയെത്തുടർന്ന് സാധാരണക്കാർ മാത്രമല്ല സമ്പന്നരും ഭക്ഷണം ലഭിക്കാതെ പ്രയാസപ്പെടുന്നത് സ്വാഭാവികമാണെന്ന് ഇപ്പോൾ ബോധ്യമായല്ലോ. അതുപോലെ പ്രവചനത്തിലെഴുതിയിരിക്കുന്ന 'കാട്ടുമൃഗ ങ്ങളെക്കൊണ്ട് മനുഷ്യരെ കൊന്നുകളയുമെന്ന കാര്യവും പണ്ട് എനിക്ക് വളരെ അതിശയമായി ത്തോന്നിയിരുന്നു. ലണ്ടനിലും മുംബൈയിലും ടോക്യോയിലുമൊക്കെ എങ്ങനെ കാട്ടുമൃഗ ങ്ങൾ മനുഷ്യരെ ആക്രമിക്കുമെന്ന സംശയം നമുക്കുണ്ടായിരുന്നു. കാട്ടുമൃഗങ്ങൾമൂലം എങ്ങനെയാണ് നഗരത്തിലെയും, നാട്ടിൻ പുറത്തെയും മനുഷ്യർ നശിപ്പിക്കപ്പെടുന്ന തെന്ന് വുഹാനിലെ സംഭവത്തോടെ നമുക്ക് ബോധ്യമായല്ലോ. ചുരുക്കത്തിൽ മനുഷ്യൻ പ്രകൃതി നിയമങ്ങളെ തകിടം മറിച്ചപ്പോൾ കാട്ടുമൃഗങ്ങളിലൂടെ പ്രകൃതി നല്കിയ തിരി ച്ചടിയാണ് ഈ മഹാമാരിയെന്നു നാം തിരിച്ചറി യണം.

ഈ മഹാമാരിയെകൊണ്ടുവന്നത് ദൈവമല്ലായെന്നും ഇതു പ്രകൃതിദത്തമാ ണെന്നും അതു ദൈവത്തിന്റെ അറിവോടെ യാണെന്നും നാം തിരിച്ചറിയണം. ഈ മഹാമാരി വരാതിരിക്കുവാനുള്ള വാക്സി

നേഷനോ വന്നുകഴിഞ്ഞാൽ ചികിത്സിക്കാനുള്ള മരുന്നോ മനുഷ്യൻ കണ്ടുപിടിച്ചിട്ടില്ല. അഥവാ മരുന്ന് കണ്ടുപിടിച്ചാലും ഇത്തരം മഹാമാരികൾ ഇനിയുമുണ്ടാകും എന്നുതന്നെയാണ് തിരുവചനം തരുന്ന മുന്നറിയിപ്പ്. ദീർഘനാളത്തെ കഠിനപ്രയത്നം ചെയ്തു മരുന്നുമായി ശാസ്ത്രലോകം എത്തുമ്പോഴേക്ക് ഈ വൈറസുകളുടെ ജനിതകഘടനയ്ക്ക് മാറ്റം വന്നിരിക്കും. അതായത് മറ്റൊരു പേരിൽ (പേര് ശാസ്ത്രജ്ഞന്മാർ ഇടുന്നതാണല്ലോ) മറ്റൊരു രീതിയിൽ മഹാമാരിയുടെ വൈറസു കൾ പിന്നെയും വന്നുകൊണ്ടേയിരിക്കും.

ഇത്തരം മഹാമാരികൾ ഒഴിഞ്ഞുപോകാൻ ദൈവമക്കളെ സംബന്ധിച്ചിടത്തോളം പ്രാർത്ഥനയാണ് ഏറ്റവും പ്രധാനപ്പെട്ട മറുമരുന്ന്. ആരോഗ്യപ്രവർത്തകരുടെ അഭിപ്രായത്തിൽ നല്ല ഭക്ഷണം, നല്ല ഉറക്കം, നല്ല മനസ്സമാധാനം ഒക്കെയാണ് പ്രതിരോധശക്തി വർദ്ധിപ്പിക്കുവാൻ വേണ്ടത്. ദൈവത്തിൽ വിശ്വസിക്കുകയും പ്രാർത്ഥനയിൽ ആശ്രയിക്കുകയും ചെയ്താൽ നല്ല ഉറക്കവും, മനസ്സമാധാനവും ലഭിക്കും. തന്മൂലം നമ്മുടെ രോഗപ്രതിരോധശക്തിയും വർദ്ധിപ്പിക്കാം.

ഏത് മഹാമാരി വന്നാലും, ദുരന്തങ്ങൾ വന്നാലും മാനസാന്തരപ്പെടാതെ, ദൈവത്തെ കുറ്റപ്പെടുത്തുന്ന ജനങ്ങൾ ഉണ്ടാകുമെന്ന് വെളിപ്പാട് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അവർക്കൊക്കെ നിരാശയോടുകൂടിയ പരിഭ്രമമാണ് ഉണ്ടാകുന്നത്. എന്നാൽ വീണ്ടെടുപ്പ് പ്രാപിച്ച ദൈവജനത്തിന് പ്രതീക്ഷയും, പ്രത്യാശയും ഉണ്ട്. നമ്മുടെ കർത്താവിന്റെ വരവ് ഏറ്റവും അടുത്തു. അവൻ നമ്മളെ വേട്ടക്കാരന്റെ കെണിയിൽനിന്നും നാശകരമായ മഹാമാരിയിൽ നിന്നും വിടുവിക്കും. നമ്മുടെ കുറവുകൾ ഏറ്റുപറഞ്ഞ് ആണിപ്പഴുതുള്ള ആ പാദപീഠത്തിൽ അഭയത്തിനായി ഓടിയണയാം. ❑

---

*15-ാം പേജിൽ നിന്നും തുടർച്ച (മഹാമാരിയുടെ ഗതകാലചരിത്രത്തിൽ)*

ക്കൽ ലൂഥറൺ സഭയുടെ തമിഴ് മാസികയിൽ തിയോഡർ നേത്തറിന്റെ മരണം വിവരിച്ചിരുന്നു.

മഹാമാരി എന്ന പ്രയോഗം ഹിന്ദുമിത്തോളജിയുമായി ബന്ധമുള്ളതാണ്. വസൂരിരോഗത്തെ നിർമ്മാർജ്ജനം ചെയ്യാൻ കഴിഞ്ഞതു ആധുനിക വൈദ്യശാസ്ത്രത്തിന്റെ നേട്ടമാണെങ്കിലും ശരാശരി ഹിന്ദുമതവിശ്വാസിയുടെ മനസ്സിൽ ഇപ്പോഴും അതു ദൈവസങ്കല്പമായ “മാരിയമ്മന്റെ” വിളയാട്ടം തന്നെയാണ്. വസൂരി പിടിപ്പെട്ടവരെ ഗുരുതരാവസ്ഥയിൽ അർദ്ധപ്രാണാവസ്ഥയിൽ കുഴിച്ചുമൂടിയ ധാരാളം സംഭവകഥകൾ നമ്മുടെ പഴമക്കാർ പറഞ്ഞുകേട്ടിട്ടുള്ളതാണ്.

സായിപ്പിന്റെ പ്രതിരോധ കുത്തിവയ്പ്പിന്റെ മുമ്പിൽ “മാരിയമ്മന്റെ വിളയാട്ടം” വിലപ്പോവില്ല എന്ന സത്യം തിരുവിതാംകൂർ രാജകുടുംബം തിരിച്ചറിഞ്ഞതിന്റെ ഫലമായിട്ടാണ് തിരുവനന്തപുരത്തു അലോപ്പതി ആശുപത്രി സ്ഥാപിച്ചതും ആധുനിക ചികിത്സാ സമ്പ്രദായത്തിനു തുടക്കമിട്ടതും. അതിനുമുമ്പ് മദ്യത്തിന്റെയും “ദുർമന്ത്രവാദത്തിന്റെ”യും ബലത്തിൽ മന്ത്രവാദികളാണ് വസൂരി ബാധിതരെ അടക്കം ചെയ്തിരുന്നത്. കുഴിക്കരവരെ ഇവരെ മന്ത്രവാദികൾ നടത്തിക്കൊണ്ടു പോകുകയും കുഴിയിൽ ഇറങ്ങി കിടക്കാൻ ആവശ്യപ്പെടുകയും മന്ത്രവാദി മണ്ണിട്ട് മൂടി മടങ്ങി വന്നിട്ട് മരിച്ചവരെ മന്ത്രശക്തികൊണ്ട് നടത്തിക്കൊണ്ടുപോയി എന്ന ഭീകരനുണക്കഥ പ്രചരിപ്പിക്കുകയും പതിവായിരുന്നു. വസൂരിരോഗികളെ പായിൽ തെറുത്തുകെട്ടി ഉപേക്ഷിച്ച സ്ഥലത്തു നിന്നും രക്ഷപ്പെട്ട സംഭവകഥകളും നിലവിലുണ്ട്.

കോവിഡിനെ പ്രതിരോധിക്കാൻ മുഖാവരണവും കൈകഴുകലും ശീലമാക്കാൻ ഉപദേശിക്കുകയും ചെയ്യുന്നതോടൊപ്പം പൊതുസ്ഥലത്തു തുപ്പരുതെന്നും ആരോഗ്യ വകുപ്പും നിയമപാലകരും വാർത്താ മാധ്യമങ്ങളിലൂടെ നിരന്തരം അറിയിക്കുന്നുണ്ട്. വെറ്റിലമുറുക്കുകാരും ശംഭു പാൻപരാഗ് എന്നിവ ഉപയോഗിക്കുന്നവരും പുകവലിക്കാരും പൊതുസ്ഥലത്തു തുപ്പാതിരിക്കണമെങ്കിൽ ആദ്യം ഇവ കർശനമായി നിരോധിക്കേണ്ടതുണ്ട്. വിരൽത്തുമ്പിൽ തുപ്പൽ തൊട്ട് പുസ്തകത്താൾ മറിക്കുന്നവരും അറിയുക അപകടകരമായൊരു ദുശ്ശീലമാണത്. ❑

# ബാല്യത്തിന്റെ ദീനരോദനങ്ങൾ

ഡോ. ഉമ്മൻ ഫിലിപ്പ്, തിരുവനന്തപുരം



**ചി**ലവർഷങ്ങൾക്കു മുമ്പ് തെക്കേ അമേരിക്കയിലെ ബ്രസീലിലെ സാവോ പോളോ നഗരത്തിൽ ഒരു കൂടാര(tent) യോഗത്തിൽ ഹാരിബോൾബാക്ക് എന്ന മിഷനറി സുവിശേഷപ്രഘോഷണം നടത്തുകയായിരുന്നു. യോഗാവസാനത്തിൽ രക്ഷിക്കപ്പെടാനുള്ള ആഹ്വാനം നല്കിയതിന്റെ ഫലമായി അനേക സ്ത്രീപുരുഷന്മാർ മുമ്പോട്ടു വരികയുണ്ടായി. ഹാരിയും മറ്റുചില സഹോദരന്മാരും മുന്നോട്ടുവന്നവരുടെ സമീപം ചെന്ന് അവരെ വ്യക്തിപരമായി രക്ഷയിലേക്ക് നടത്തുകയായിരുന്നു. എല്ലാവരുമായും സംസാരിക്കയും പ്രാർത്ഥിക്കയും ചെയ്തതിനുശേഷം ഹാരി ചുറ്റും നോക്കിയപ്പോഴാണ് ഏതാണ്ട് പത്തു വയസ്സുകാരനായ ഒരു ബാലൻ മൂലയിൽ ഇരുന്നുകരയുന്നത് ശ്രദ്ധിച്ചത്. ഹാരി ബാലന്റെ അടുത്തുചെന്ന് അവനോട് കരച്ചിലിന്റെ കാര്യം അന്വേഷിച്ചു. അവൻ പാപബോധത്താൽ കരയുകയാണ് എന്നാണ് ഹാരി വിചാരിച്ചത്. അവൻ പറഞ്ഞു, "അല്ല, ഞാൻ രണ്ടുദിവസം മുമ്പ് അങ്ങയുടെ യോഗത്തിൽവച്ച് രക്ഷിക്കപ്പെട്ടതാണ്" എന്ന്. "പിന്നെ നീ എന്തിനാണ് കരയുന്നത്" എന്നു ചോദിച്ചപ്പോൾ അവൻ പറഞ്ഞു, ''എന്റെ പിതാവ് രക്ഷിക്കപ്പെട്ടില്ലല്ലോ എന്നോർത്തു ഞാൻ ദുഃഖിക്കയാണ്. താൻ ഒരു വലിയ മദ്യപാനിയാണ്; അമ്മയെ എന്നും ക്രൂരമായി മർദ്ദിക്കും; ഞങ്ങളുടെ ഭവനത്തിൽ യാതൊരു സമാധനവുമില്ല" എന്ന്.

അന്നുരാത്രി യോഗസ്ഥലത്തു നിന്നും ജോൺ എന്ന ആ ബാലനോടു ചേർന്ന് ഹാരി സാവോ പോളോയിലെ ഒരു ചേരിയിലുള്ള അവന്റെ ഭവനത്തിലേക്ക് പോയി. മദ്യപിക്കാതെ, തന്റെ ചെയ്തികളെയോർത്തു പരിതപിച്ച് അവന്റെ പിതാവ് ആ കുടിലിൽ ഇരിപ്പുണ്ടായിരുന്നു. അവർ ചെന്ന്, ജോൺ കരഞ്ഞതിന്റെ കാരണം ഹാരി ആ പിതാവിനോടു പറഞ്ഞു. ഉടനെ അയാൾ പൊട്ടിക്കരഞ്ഞുകൊണ്ട് ജോണിനെ ആലിംഗനം ചെയ്തു, തന്റെ ദുഷ്ടപ്രവൃത്തികൾക്കെല്ലാം ആ മകനോടു ക്ഷമയാചനചെയ്തു. ഹാരി ലളിതമായ സുവിശേഷസന്ദേശം ജോണിന്റെ പിതാവുമായി പങ്കിട്ടു. അന്നുരാത്രി ജോണിന്റെ പിതാവ് യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. അതിനുശേഷം ഭാര്യയോടും മക്കളോടും പരസ്യമായി ക്ഷമായാചനം നടത്തി. മദ്യപാനവും ക്രൂരകൃത്യങ്ങളും എല്ലാം അവസാനിപ്പിച്ച് ഒരു ദൈവമകനായി ജീവിച്ചു.

മാതാപിതാക്കളുടെ ദുർവൃത്തികണ്ടു മനസുതകർന്ന് ജീവിക്കുന്ന അനേക ബാലികാബാലന്മാർ നമുക്കുചുറ്റുമുണ്ട്. അവരുടെ കണ്ണുനീർ മാതാപിതാക്കളോടു സംസാരിക്കട്ടെ. സൂസി എട്ടുവയസ്സുള്ള വിശ്വാസികളുടെ ഭവനത്തിലെ ആദ്യജാതയാണ്. അവൾക്ക് അഞ്ചുവയസ്സുള്ള ഒരു അനുജനുമുണ്ട്. സൂസിയുടെ മാതാപിതാക്കൾ സഭയുടെ കൂടിവരവുകളിൽ ഒക്കെ മുടങ്ങാതെ സംബന്ധിക്കുന്ന ദമ്പതികളാണ്. ഒരു ഞായറാഴ്ച സൂസി സൺഡേക്ലാസ്സിൽ ഇരുന്ന് കരയുന്നത് അദ്ധ്യാപിക ശ്രദ്ധിച്ചു. അദ്ധ്യാപിക കാരണം ചോദിച്ചിട്ട് അവൾ ഒന്നുംതന്നെ പറഞ്ഞില്ല. കരച്ചിൽ അടക്കാൻ അവൾ വളരെ പാടുപെടുന്നുണ്ടായിരുന്നു. അന്നത്തെ സഭായോഗത്തിനുശേഷം അദ്ധ്യാപികയും ചേർന്നാണ് അവൾ വീട്ടിലേക്ക് നടന്നത്. അവരുടെ വീടുകൾ ഒരേ ദിശയിലായിരുന്നതിനാൽ ഒന്നിച്ചു പോകാൻ അവർക്ക് എളുപ്പമായി. പൊതുവെ അറിയപ്പെടുന്ന നല്ല ഒരു വിശ്വാസകുടുംബത്തിലെ പ്രിയമകൾ എന്താണാവോ ഇങ്ങനെ കരയുന്നത് എന്ന അദ്ധ്യാപിക ചിന്തിച്ചുകൊണ്ടാണ് സൂസിയോടൊപ്പം നടന്നത്. അവർ ചോദിച്ചു,

"സൂസിമോൾ എന്തിനാണ് ഇന്ന് ക്ലാസ്സിൽ ഇരുന്ന് കരഞ്ഞത്? തലവേദനയോ, മറ്റോ ഉണ്ടായിരുന്നുവോ?" സൂസി പറഞ്ഞു "എന്റെ പപ്പയുടെയും മമ്മിയുടെയും കാര്യം ഓർത്താണ് എനിക്ക് കരച്ചിൽ വന്നത്. അവർ തമ്മിൽ എപ്പോഴും വഴക്കാണ്. പലപ്പോഴും അവർ തമ്മിൽ വലിയശബ്ദത്തിൽ സംസാരിക്കുകയും കോപിക്കയും ശകാരിക്കുകയും വാദിക്കുകയും ഒക്കെ ചെയ്യുന്നത് കേൾക്കാം. നല്ല വാക്കുകൾ അല്ല അവർ തമ്മിൽ ഉപയോഗിക്കാറുള്ളത്. ഏതുകാര്യത്തിലും രണ്ടുപേരും ശരിയാണ് എന്നൊക്കെ പറയുന്നത് കേൾക്കാറുണ്ട്. ചിലപ്പോൾ അതിശക്തമായി കതകുവലിച്ചടയ്ക്കുന്നത് കേട്ട് ഞാൻ ഞെട്ടിപ്പോകാറുണ്ട്. ആന്റിക്കറിയാമോ ഞങ്ങളുടെ ഭവനത്തിൽ പലദിവസങ്ങളിലും വഴക്കുകാരണം കുടുംബ പ്രാർത്ഥന നടക്കുകയില്ല. മിക്കദിവസവും ഞങ്ങൾ എല്ലാവരുംകൂടി ഒന്നിച്ചിരുന്ന് സ്തോത്രം ചെയ്തു ഭക്ഷണം കഴിക്കാറുമില്ല. ചിലപ്പോൾ ഒച്ച കേട്ട് ഭയന്ന് എന്റെ അനുജൻ നിലവിളിച്ചുകൊണ്ട് എന്നെ വന്ന് കെട്ടിപ്പിടിക്കും. ചിലരാത്രികളിൽ ഒച്ചയും ബഹളവും കേട്ട് ഞാൻ ഉറക്കത്തിൽ നിന്നും ഞെട്ടി ഉണരാറുണ്ട്. ആന്റി, എന്റെ വീട്ടിൽ കളിയോ ചിരിയോ സ്നേഹപ്രകടനങ്ങളോ ഒന്നും കാണാറില്ല. എല്ലാവരും മൂകമായി ജീവിക്കുന്നു. എനിക്ക് ഇതെല്ലാം അനുഭവിച്ച് കണ്ടും കേട്ടും വലിയ സങ്കടമാണ്. എന്താണാന്റി എന്റെ പപ്പയ്ക്കും മമ്മിക്കുമുള്ള കുഴപ്പം? എന്താണ് അവർക്കു തമ്മിൽ സ്നേഹമില്ലാത്തത്? ആന്റി അവർക്കായും ഞങ്ങൾ മക്കൾക്കായും പ്രത്യേകം പ്രാർത്ഥിക്കണേ. പപ്പയും മമ്മിയും സന്തോഷമായിരുന്നാലേ എനിക്കും അനുജനും സന്തോഷമായി ജീവിക്കാൻ സാധിക്കൂ.'' സൂസിയുടെ കദനകഥ കേട്ട് ആന്റിക്കും സങ്കടം വന്നു. ഈ കൊച്ചുകുഞ്ഞിന്റെ സങ്കടം മനസ്സിലാക്കാൻ അവളുടെ മാതാപിതാക്കൾക്കു അല്പംപോലും സാധിക്കുന്നില്ലല്ലോ എന്ന് അദ്ധ്യാപിക വ്യാകുലപ്പെട്ടു. ഇവർ എങ്ങനെയാണ് ഞായറാഴ്ച യോഗത്തിനു വരുമ്പോൾ വലിയ ആത്മികത്വം നടിക്കുന്നത് എന്നത് അദ്ധ്യാപികയ്ക്ക് അത്ഭുതകരമായി തോന്നി. അവർ സൂസിയോടു ഇങ്ങനെ പറഞ്ഞു, സൂസിമോളേ, പപ്പയെയും മമ്മിയെയും ഓർത്തു മോൾ ധാരാളം പ്രാർത്ഥിക്കണം. ആന്റിയും പ്രാർത്ഥിക്കാം. ദൈവം പ്രാർത്ഥന കേട്ട് അവർക്ക് നല്ലബുദ്ധിയും പരിജ്ഞാനവും ഉണ്ടാക്കാൻ സഹായിക്കും. അങ്ങനെ നിങ്ങളുടേത് സന്തോഷവും സമാധാനവുമുള്ള ഒരു ഭവനമായിത്തീരും. നാം സങ്കീർത്തനം 9-ന്റെ 10-ാം വാക്യത്തിൽ വായിക്കുന്നത് ദൈവത്തെ അന്വേഷിക്കുന്നവരെ ദൈവം ഉപേക്ഷിക്കുകയില്ല എന്നാണ്. മോൾ പ്രാർ ത്ഥിച്ചാൽ ദൈവം മോളെ ഒരിക്കലും ഉപേക്ഷി ക്കാതെ പ്രാർത്ഥനയ്ക്ക് ഉത്തരം നല്കും. ആകയാൽ ധൈര്യവും സന്തോഷവും ഉള്ള വളായിരിക്കണം".

അദ്ധ്യാപിക തുടർന്നു, ''എന്നും സന്ധ്യയ്ക്ക് സൂസി അനുജനെയും കൂട്ടി ഒന്നിച്ചിരുന്ന് ഒരു പാട്ടുപാടി, വേദപുസ്തകത്തിൽ നിന്നും ഒരു ഭാഗം വായിച്ച്, നിങ്ങൾ രണ്ടുപേരും പ്രാർത്ഥിക്കണം. എന്നിട്ടുവേണം പഠനം തുടങ്ങാൻ. ഇതുകാണുമ്പോൾ പപ്പയുടെയും മമ്മിയുടെയും ഹൃദയത്തിൽ തുടർച്ചയായ കുടുംബ പ്രാർത്ഥനയ്ക്കുവേണ്ടി ചിന്ത ഉണ്ടാകും. കൂടാതെ, ഭക്ഷണ സമയത്ത് എല്ലാവരെയും വിളിച്ച്, നിങ്ങൾ ഒന്നിച്ചിരുന്ന് കൈകൾ കോർത്തു പിടിച്ച്, മോളും അനുജനും ഭക്ഷണത്തിനുവേണ്ടി സ്തോത്രം ചെയ്യണം. ഇതൊക്കെ തീർച്ചയായും പപ്പയുടെയും മമ്മിയുടെയും ഹൃദയങ്ങളെ ചലിപ്പിക്കും. ഈ കാര്യങ്ങൾ മോൾക്ക് മനസ്സിലായോ?" മനസ്സിലായി ആന്റി. ഞാൻ ഇന്നു മുതൽ ഇതുപോലൊക്കെ ചെയ്തു തുടങ്ങാം. ആന്റി ഞങ്ങളുടെ കുടുംബത്തിന്റെ സന്തോഷത്തിന്നും ഐക്യത്തിനും വേണ്ടി നിരന്തരമായി പ്രാർത്ഥിക്കണേ". "തീർച്ചയായും", അദ്ധ്യാപിക പ്രതിവചിച്ചു. അങ്ങനെ അവർ തങ്ങളുടെ ഭവനങ്ങളിലേക്കു പോയി.

പ്രിയ വായനക്കാരേ! നിങ്ങളുടെ ഭവനത്തിൽ നിങ്ങൾക്കുവേണ്ടി ചങ്കു തകർന്ന് കരയുന്ന ഒരു ജോണിമോനോ, സൂസിമോളോ ഉണ്ടോ? ഇന്നുതന്നെ നിങ്ങളുടെ കുടുംബ/ദാമ്പത്യജീവിതം ഒരു പരിശോധനയ്ക്കു വിധേയമാക്കിയാലും! സങ്കീർത്തനം 139:23-24, 2 കൊരിന്ത്യർ 13:5 എന്നീ വചനഭാഗങ്ങൾ ഓർപ്പിക്കുന്നതുപോലെ, നിങ്ങളെത്തന്നെ പരിശോധിച്ചുനോക്കി കുടുംബജീവിതവും വ്യക്തിപരമായ ജീവിതവും ക്രമപ്പെടുത്തുവാൻ ദൈവം നിങ്ങളെ സഹായിക്കുമാറാകട്ടെ!. ❑

# കൊറോണാ: ഭയമല്ല വേണ്ടത്

ടി. കെ. മുസ്തഫ, വയനാട്



നഗ്നനേത്രങ്ങൾ കൊണ്ടോ സാധാരണ മൈക്രോസ്കോപ്പുകൾ കൊണ്ടോ കാണുവാൻ സാധിക്കാത്ത ജീവനുള്ളതിന്റെയും ഇല്ലാത്തതിന്റെയും അതിർവരമ്പിൽ കൂടെ കടന്നു പോകുന്ന ഒരു സൂക്ഷ്മജീവി ഇന്ന് ലോകക്രമത്തെയും മനുഷ്യജീവിതത്തെയും ആകമാനം സ്തംഭിപ്പിച്ചിരിക്കുന്നു. ലോക മുതലാളിത്ത ശക്തികൾപോലും വർത്തമാന ലോകത്ത് കൊറോണാ ഭീതിയുടെ ബീഭത്സതയിൽ വിറങ്ങലിച്ചു നില്ക്കുന്നു. കൊറോണയെ പ്രതിരോധിക്കുന്നതിനായി വിവിധരാജ്യങ്ങൾ സ്വീകരിച്ച നയങ്ങൾ ലോകത്തിന്റെ വ്യാവസായിക സേവന മേഖലകളെയാകമാനം നിശ്ചലമാക്കിയിരിക്കുന്നു. മഹാമാരി ബാധിച്ചവരുടെ എണ്ണം 2 കോടി കടന്നുവെന്നും 7.5 ലക്ഷത്തിൽ അധികം പേർ മരണത്തിനു കീഴടങ്ങി എന്നുമാണ് നിലവിലെ കണക്കുകൾ സൂചിപ്പിക്കുന്നത്.

വൈറസിന്റെ വിഭജനം ഒഴിവാക്കുന്നതിനോ അത് മനുഷ്യ കോശങ്ങൾക്കുള്ളിൽ പ്രവേശിക്കുന്നത് തടയുന്നതിനോ ആവശ്യമായ മരുന്നുകളുടെ അഭാവം ആശങ്കകൾ സൃഷ്ടിക്കുന്നു. നേരത്തെ ഒബോള വൈറസിനെതിരെ പ്രയോഗിച്ചു പരാജയപ്പെട്ട റെംഡെസിവർ എന്ന വൈറസ് രോധി മരുന്ന് കോവിഡിന് ഫലപ്രദമാണെന്ന വാദഗതികൾ ചില കേന്ദ്രങ്ങളിൽ നിന്നുമുയർന്നെങ്കിലും മതിയായ ശാസ്ത്രീയപഠനങ്ങളുടെയോ വ്യക്തമായ തെളിവുകളുടെയോ പിൻബലം അവകാശപ്പെടാൻ കഴിയുന്നില്ല. കോവിഡിന് കാരണമായ സാർസ് കോവ് 2 വൈറസിനെ പ്രതിരോധിക്കുന്ന ആന്റിബോഡി വൈറസുകൾ തിരിച്ചറിഞ്ഞു വേർതിരിച്ചതായി ചൈനീസ് ഗവേഷകർ അവകാശപ്പെടുന്നുണ്ട്. ബി. 38 എച് 4 എന്നിങ്ങനെ നാമകരണം ചെയ്യപ്പെട്ടിട്ടുള്ള പ്രസ്തുത ആന്റി ബോഡികളുടെ ഒന്നിച്ചുള്ള പ്രവർത്തനം വൈറസിന്റെ സ്പൈക് പ്രോട്ടീന്റെ പ്രവർത്തനത്തെ തടസ്സപ്പെടുത്തുന്നുവെന്നും തന്മൂലം വൈറസിന് കോശങ്ങൾക്കുള്ളിലേക്ക് കടന്ന് വരാൻ കഴിയാത്ത സ്ഥിതിവിശേഷം സംജാതമാകുമെന്നുമുള്ള നിഗമനത്തിൽ നിലകൊള്ളുന്നത് ചൈനീസ് അക്കാദമി ഓഫ് സയൻസിലെ ഗവേഷകർ. കൊറോണാ വൈറസിനെ ആക്രമിച്ചു നിർവീര്യമാക്കുന്ന ആന്റി ബോഡി വികസിപ്പിച്ചെടുത്ത അവകാശവാദം ഇസ്രായേലും ഉന്നയിക്കുന്നുണ്ട്. ഇസ്രായേൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ബയോളജിക്കൽ റിസർച്ചിലെ പരീക്ഷണ ഫലമായി രൂപാന്തരപ്പെട്ട 'മോണോ ക്ലോണൽ ആന്റി ബോഡി' വൈറസ് വാഹകരുടെ ശരീരത്തിന് അകത്തുവെച്ച് തന്നെ പ്രവർത്തിക്കുമെന്നും കോവിഡിന് കാരണമാകുന്ന കൊറോണാ വൈറസിനെ പ്രതിരോധിക്കുവാൻ പ്രസ്തുത ആന്റി ബോഡിക്ക് കഴിഞ്ഞേക്കുമെന്നും അവർ ശുഭാപ്തി വിശ്വാസം പ്രകടിപ്പിക്കുന്നു.

ഇംഗ്ലണ്ടിലെ ഓക്സ്ഫഡ് ജെനർ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്വത്തിൽ കൊറോണാ വൈറസിന്റെ 'സ്പൈക് പ്രോട്ടീൻ' നിരുപദ്രവകാരിയായ ഒരു വൈറസിന്മേൽ ഘടിപ്പിച്ചു കൊണ്ട് അതിനെതിരെ ആന്റി ബോഡി നിർമ്മിക്കുന്ന പദ്ധതി മനുഷ്യരിൽ പരീക്ഷിക്കുന്നതിനായുള്ള നടപടിക്രമങ്ങൾ പൂർത്തിയായി വരുന്നു. ഇപ്രകാരമുള്ള ആശാവഹമായ മുന്നേറ്റങ്ങൾ ചില കേന്ദ്രങ്ങളിൽ നിന്ന് പ്രത്യക്ഷപ്പെടുന്നുവെങ്കിൽ തന്നെയും പ്രതിസന്ധി ഉടൻ വിട്ടുമാറില്ലെന്ന മുന്നറിയിപ്പും രണ്ടാം വരവിനെ കുറിച്ചുള്ള പ്രവചനങ്ങളും മറ്റു ചില ഇടങ്ങ

*ശേഷം 25-ാം പേജിൽ*

# ദൈവജനവും കോവിഡ് മഹാമാരിയും

എം. എം. ആൻഡ്രൂസ്, തിരുവനന്തപുരം



ചില മാസങ്ങളായി ലോകമെങ്ങുമുള്ള ജനങ്ങൾക്കു വലിയ ഭീഷണിയായി തുടരുകയാണല്ലോ കൊവിഡ്-19 എന്ന മഹാമാരി. മനുഷ്യന്റെ നഗ്നനേത്രങ്ങൾക്ക് അദൃശ്യമായ വളരെ ചെറിയ ഒരു വൈറസ്സാണ് ഈ പകർച്ചവ്യാധിക്ക് കാരണമായിത്തീരുന്നത്. ലൂക്കൊസിന്റെ സുവിശേഷം 21-ാം അദ്ധ്യായത്തിൽ അന്ത്യകാല സംഭവങ്ങളെക്കുറിച്ച് കർത്താവു പറയുന്ന കൂട്ടത്തിൽ "മഹാവ്യാധികളും" (ലൂക്കൊസ് 21:11) എന്നു ചേർത്തിരിക്കുന്നതുകൊണ്ട് ഈ മഹാവ്യാധി കർത്താവിന്റെ വരവിന്റെ മുന്നോടിയായി സംഭവിക്കേണ്ടതാണെന്ന് ചിലരെങ്കിലും വ്യാഖ്യാനിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ നാം അറിഞ്ഞിരിക്കേണ്ട ഒരു പ്രധാന സത്യം, കർത്താവിന്റെ മദ്ധ്യാകാശവരവിനു മുമ്പ് സംഭവിക്കേണ്ടതായ എല്ലാ കാര്യങ്ങളും സംഭവിച്ചുകഴിഞ്ഞിരിക്കുന്നു എന്നും ഇനിയും ഏതുനിമിഷത്തിലും കർത്താവു വരാവുന്നതാണ് എന്നുള്ളതാണ്. ഒന്നാം നൂറ്റാണ്ടു മുതലുള്ള വിശ്വാസികൾ കർത്താവിന്റെ വരവിനായി കാത്തിരിക്കുന്നു. പൗലൊസും മറ്റു ചില അപ്പൊസ്തലന്മാരും അവരുടെ ജീവിതകാലത്തുതന്നെ കർത്താവു വരുമെന്ന് പ്രതീക്ഷിച്ചിരുന്നതായി ചില വേദ ഭാഗങ്ങളിൽ നിന്നും മനസ്സിലാക്കാം.

മഹാവ്യാധികളെക്കുറിച്ച് വേദപുസ്തകം എന്തുപറയുന്നു എന്ന് പരിശോധിക്കാം. മനുഷ്യൻ ദൈവത്തിൽ നിന്ന് അകന്ന് ദുഷ്ടത പ്രവർത്തിക്കുകയും ദൈവഭയമില്ലാതെ ഭോഗപ്രിയരായിത്തീരുകയും അന്യദേവന്മാരെ നമസ്ക്കരിക്കുകയും ദൈവകല്പനകളെ നിരാകരിക്കുകയും ചെയ്ത അനേകം അവസരങ്ങളിലും ദൈവം ഇത്തരം മഹാവ്യാധികളാൽ മനുഷ്യരോടും ഇടപെട്ടിട്ടുണ്ട് എന്ന് ദൈവവചനത്തിൽ നാം കാണുന്നു. നോഹയുടെ കാലത്തുണ്ടായ ജലപ്രളയത്തിൽ, നോഹയും കുടുംബവും ഒഴിച്ച് സകല മനുഷ്യരും, നോഹയുടെ പെട്ടകത്തിൽ അഭയം നല്കിയവ ഒഴികെയുള്ള സകലജീവജാലങ്ങളും മഹാമാരിയാൽ നശിച്ചുപോയി. ഇതു ദൈവിക ഇടപെടലായിരുന്നുവല്ലോ. അബ്രഹാമിന്റെ കാലത്ത് സോദോം ഗൊമോറയുടെ നാശവും ദൈവക്രോധംമൂലമായിരുന്നുവല്ലോ. യിസ്രായേൽ ജനം മിസ്രയീമിൽനിന്നും പുറപ്പെടുന്നതിനു മുമ്പ് ദൈവം മിസ്രയീമിൽ പത്തു ബാധകളെ അയയ്ക്കുന്നതായി പുറപ്പാടു പുസ്തകത്തിൽ നാം വായിക്കുന്നു. ഫറവോൻ തന്റെ ഹൃദയത്തെ കഠിനമാക്കുകയും ദൈവകല്പന നിരസിക്കുകയും ചെയ്തപ്പോൾ അതിൽ നിന്നും പിൻതിരിയുവാനും മാനസാന്തരപ്പെടുവാനും യഹോവ തന്നെ യഥാർത്ഥജീവനുള്ള ദൈവം എന്നു ബോധ്യപ്പെടുത്തുവാനുമാണ് ഈ ബാധകളെ അയച്ചത്. തുടർന്ന് യിസ്രായേൽ ജനത്തിന്റെ മരുഭൂമിയാത്രയിൽ, ന്യായപ്രമാണത്തിലൂടെയും അല്ലാതെ വാക്കാലും മോശെ അനേകപ്രാവശ്യം ഇപ്രകാരം ദൈവം ഇടപെടുമെന്നുള്ള മുന്നറിയിപ്പുകൾ നല്കുന്നുണ്ട്. ലേവ്യാപുസ്തകത്തിലും ആവർത്തന പുസ്തകത്തിലും മറ്റ് ചില ഭാഗങ്ങളിലും ഇപ്രകാരം മോശെ യിസ്രായേൽ ജനത്തെ പ്രബോധിപ്പിക്കുന്നതായി നാം കാണുന്നു. പില്ക്കാലത്ത് ദൈവം പ്രവാചകന്മാർ മുഖാന്തരം മുന്നറിയിപ്പുകൾ നല്കുന്നുണ്ട്. യിരെമ്യാവ്, യെഹെസ്ക്കേൽ, ആമോസ് തുടങ്ങി നിരവധി പ്രവാചകന്മാർ ഇപ്രകാരം മുന്നറിയിപ്പുകൾ നല്കുന്നുണ്ട്. ആമോസിന്റെ പ്രവചനം 4-ാം അദ്ധ്യായത്തിൽ, ദൈവജനം തങ്ങളുടെ പാപങ്ങളെവിട്ട് ദൈവത്തിങ്കലേക്ക് തിരിയുവാനായി അഞ്ചു മഹാമാരികളെ അയയ്ക്കുന്നതായി നാം കാണുന്നു. എന്നാൽ

അഞ്ചുപ്രാവശ്യവും "എന്നിട്ടും എന്റെ ജനം എങ്കലേക്കു തിരിഞ്ഞില്ല" എന്നു രേഖപ്പെടുത്തിയിരിക്കുന്നു. ഇങ്ങനെ നാം നോക്കിയാൽ ദൈവം ദൈവജനത്തോടും അല്ലാത്തവരോടും ഇത്തരം മഹാവ്യാധികളാൽ ഇടപെടുന്നുണ്ട് എന്നു വ്യക്തമാണല്ലോ. ഇവ കൂടാതെ ഇയ്യോബിനോടുള്ള ബന്ധത്തിൽ, ചില ബാധകളാൽ ഇയ്യോബിനെ ബാധിക്കുന്നതിന് സാത്താന് ദൈവം അനുവാദം കൊടുക്കുന്നു. ഇത് ദൈവത്തിന്റെ ഭക്തനായ ഇയ്യോബ് വിശ്വാസത്തിന്റെ പരിശോധനയെ എങ്ങനെ നേരിടുന്നു എന്നും സാത്താൻ എങ്ങനെ പരാജിതനായി എന്നും വെളിപ്പെടുത്തുന്നതിലുള്ള ഒരു പ്രത്യേക അവസരമായി മാത്രം കണക്കാക്കിയാൽ മതി. എന്നാൽ ദൈവഹിതത്തിന് അപ്പുറമായി സാത്താന് ഒന്നും ചെയ്യുവാൻ അനുവദിക്കുന്നുമില്ല. ദൈവം അറിയാതെ ലോകത്തിൽ ഒന്നും സംഭവിക്കുന്നില്ല. കോവിഡ് - 19 എന്ന മഹാവ്യാധി ദൈവജനത്തെയും അല്ലാത്തവരെയും ഒരുപോലെ ബാധിക്കുവാനാണ് ദൈവഹിതം. ദൈവജനത്തെ സംബന്ധിച്ചിടത്തോളം തങ്ങൾ ദൈവത്തിൽ നിന്ന് അകന്ന് ലോകത്തോടു പറ്റിച്ചേർന്ന് വിശ്വാസജീവിതത്തിൽ എത്രമാത്രം പരാജയപ്പെട്ടു എന്ന് സ്വയം പരിശോധിക്കുന്നതിനും വീഴ്ചകൾ കണ്ട് അനുതപിച്ച് ദൈവത്തിങ്കലേക്ക് മടങ്ങിവരാനുള്ള അവസരമായി ഇതു തീരണമെന്നാണ് ദൈവം ആഗ്രഹിക്കുന്നത് എന്നു സ്പഷ്ടം. ദൈവജനമല്ലാത്തവർ, തങ്ങൾ എത്രമാത്രം ബലഹീനരാണെന്ന് സ്വയം തിരിച്ചറിഞ്ഞ് ജീവനുള്ള ദൈവത്തിങ്കലേക്ക് നോക്കുവാനും ദൈവത്തിന് പൂർണ്ണമായി സമർപ്പിച്ച് രക്ഷകനിൽ അഭയം തേടുവാനുള്ള അവസരമായിട്ടാണ് ഇത് ദൈവം നല്കിയിരിക്കുന്നത്.

ഇങ്ങനെയുള്ള അവസരങ്ങളിൽ ദൈവജനത്തിന്റെ കർത്തവ്യം എന്താണെന്ന് ദൈവവചനത്തിലേക്ക് നോക്കാം. ഈ ബന്ധത്തിൽ പുതിയനിയമത്തിൽ നിന്നും പഴയനിയമത്തിൽ നിന്നും ഓരോ വാക്യങ്ങളിലേക്ക് അനുവാചകരുടെ ശ്രദ്ധ ക്ഷണിക്കുന്നു.

**1. എഫെസ്യർ 5:16,17**

"ഇതു ദുഷ്കാലമാകയാൽ സമയം തക്കത്തിൽ ഉപയോഗിച്ചുകൊൾവിൻ. ബുദ്ധിഹീനരാകാതെ കർത്താവിന്റെ ഇഷ്ടം ഇന്നതെന്നു ഗ്രഹിച്ചുകൊൾവിൻ". എഫെസ്യർ 5-ന്റെ 7 മുതൽ 14 വരെയുള്ള 7 വാക്യങ്ങളിൽ അപ്പൊസ്തലനായ പൗലൊസ് ഇരുളും വെളിച്ചവും തമ്മിൽ താരതമ്യം ചെയ്യുന്നു. തുടർന്ന് വരുന്ന 15 മുതൽ 21 വരെയുള്ള 7 വാക്യങ്ങളിൽ ബുദ്ധിപൂർവ്വമായ നടപ്പും ബുദ്ധികെട്ട നടപ്പും തമ്മിൽ താരതമ്യം ചെയ്യുന്നു. ബുദ്ധിപൂർവ്വമായ നടപ്പിന്റെ ഭാഗമായി ദുഷ്ക്കാലങ്ങളിൽ സമയം തക്കത്തിൽ ഉപയോഗിച്ചു കൊൾവിൻ എന്നും പറയുന്നു. ബുദ്ധിഹീനരാകാതെ കർത്താവിന്റെ ഇഷ്ടം മനസ്സിലാക്കി പ്രവർത്തിക്കയും ബുദ്ധിപൂർവ്വമായി നടക്കുകയും ചെയ്യേണ്ടത് ദൈവമക്കളുടെ കടമയാണ്. "കർത്താവിന്റെ ഇഷ്ടം" എന്നത് പഠനാർഹമായ വിപുലമായ ഒരു വിഷയമാണ്. എഫെസ്യർ 5:9 ൽ ഇതിനു സമാനമായി മറ്റൊരു പ്രബോധനം കാണാം. "കർത്താവിനു പ്രസാദമായതു എന്തെന്നു പരിശോധിച്ചുകൊണ്ടു വെളിച്ചത്തിലുമുള്ളവരായി നടന്നുകൊൾവിൻ" എന്നു പറയുന്നു. തുടർന്ന് നിരവധി കാര്യങ്ങൾ പറഞ്ഞശേഷം അവസാനമായി "ക്രിസ്തുവിന്റെ ഭയത്തിൽ അന്യോന്യം കീഴ്പെട്ടിരിപ്പിൻ" എന്നാണു പറയുന്നത്. ഒന്നാമതായി ദൈവവുമായുള്ള ബന്ധവും രണ്ടാമതായി സഹവിശ്വാസികളുമായുള്ള ബന്ധവും ഏറ്റവും നന്നായിരിക്കണം എന്നാണ് ഈ വാക്യങ്ങളിൽ നാം കാണുന്നത്. അതായതു ദൈവേഷ്ടം മനസ്സിലാക്കി ദൈവത്തെ പ്രസാദിപ്പിക്കുകയും സഹവിശ്വാസികൾക്ക് നന്മ ചെയ്യുകയും ഓരോരുത്തൻ മറ്റുള്ളവരെ ശ്രേഷ്ഠനെന്ന് എണ്ണിക്കൊണ്ടു ജീവിക്കുകയുമാണ് ദുഷ്ക്കാലത്തു വിശ്വാസികൾ ചെയ്യുവാൻ ദൈവം ആഗ്രഹിക്കുന്നത്. ഈ കോവിഡുകാലത്തു വിശ്വാസികൾ സ്വയം പരിശോധിച്ചു ദൈവവുമായുള്ള ബന്ധവും സഹവിശ്വാസികളുമായുള്ള ബന്ധവും ഏതുവിധമെന്ന് മനസ്സിലാക്കി ജീവിതം തുടരുവാൻ ദൈവം സഹായിക്കട്ടെ.

**2. ആമോസ് 5:13**

ആമോസിന്റെ പ്രവചനം 5-ാം അദ്ധ്യായത്തിൽ യിസ്രായേലിനു വരുന്ന വലിയൊരു മഹാമാരിയെക്കുറിച്ചു പ്രവാചകൻ പറയുന്നു. ഭയാനകമായ പലതും സംഭവിക്കാനിരിക്കുന്നതുകൊണ്ട് പ്രവാചകൻ പറയുന്നു. "ബുദ്ധിമാൻ ഈ കാലത്തു മിണ്ടാതിരിക്കുന്നു.

ഇതു ദുഷ്ക്കാലമല്ലോ. ജീവിച്ചിരിക്കേണ്ടതിന് തിന്മയല്ല നന്മയന്വേഷിപ്പിൻ". 12-ാം വാക്യത്തിൽ "നീതിമാനെ ക്ലേശിപ്പിച്ചു കൈക്കൂലി വാങ്ങുകയും ഗോപുരത്തിങ്കൽ ദരിദ്രന്മാരുടെ ന്യായം മറിച്ചുകളകയും ചെയ്യുന്നു" എന്ന വലിയ കുറ്റം അവർക്കുള്ളതായി പറയുന്നു. ദുഷ്ക്കാലത്തു മിണ്ടാതിരുന്ന് സ്വയ പരിശോധനകൾ നടത്തുകയും കുറവുകൾ കണ്ടുപിടിച്ച് ദൈവസന്നിധിയിൽ നിരപ്പു പ്രാപിക്കുകയും ചെയ്യുകയാണ് വിശ്വാസികളുടെ കടമ. എന്നാൽ ഈ കോവിഡുകാലത്തു അനേകരും വലിയ വാദപ്രതിവാദങ്ങളിൽ ഏർപ്പെട്ടു സമയം പാഴാക്കുകയും നേതൃത്വം വഹിക്കുന്നവർ എന്ന് സ്വയം അഭിമാനിക്കുന്ന പലരും സർവ്വജ്ഞാനപീഠം കയറിയവരെപ്പോലെ മൂലഭാഷയിലെ പദപ്രയോഗങ്ങൾ ഉപയോഗിച്ചു തർക്കവിതർക്കങ്ങൾ ഉണ്ടാക്കുകയും കലഹിക്കുകയും തങ്ങളിൽ ആരാണു വലിയവൻ എന്നു സ്ഥാപിക്കുവാൻ ബദ്ധപ്പെടുകയും ചെയ്യുന്നത് ചിലയിടങ്ങളിൽ കാണുന്ന കാഴ്ചയാണ്. ഇവരാരും മൂലഭാഷകൾ മാതൃഭാഷയായി ഉപയോഗിക്കുന്നവർ അല്ല എന്നുള്ളത് കൗതുകകരമായ സത്യമാണ്. ഏതു ഭാഷയിലായാലും പദങ്ങൾ പ്രയോഗിച്ചിരിക്കുന്ന സന്ദർഭം മനസ്സിലാക്കി വ്യാഖ്യാനിക്കേണ്ടതാണ് എന്ന പ്രാഥമിക ഭാഷാ നിയമം പലർക്കും അജ്ഞാതമാണ്. ഇങ്ങനെ ദൈവഹിതമല്ലാത്ത കാര്യങ്ങൾ ചെയ്യുന്നതിനുപകരം ദൈവസന്നിധിയിൽ താണിരുന്ന് അവരവരുടെ കുറവുകൾ ഏറ്റുപറഞ്ഞു പരിഹാരം നേടേണ്ടതാണ് ആവശ്യം. "പാപങ്ങളെ വിട്ടുപിരിഞ്ഞ് ദൈവത്തിങ്കലേക്കു വരണമെന്ന് ഇവിടെയും ആവർത്തിക്കുന്നു".

രണ്ടാമതായി, ദരിദ്രന്മാരുടെ ന്യായം മറിച്ചു കളയുക എന്ന വലിയകുറ്റം അവർ ചെയ്യുന്നതായി പ്രവാചകൻ ചൂണ്ടിക്കാണിക്കുന്നു. ഗോപുരവാതിലുകൾ ന്യായം നടത്തുന്നതിനുള്ള സ്ഥലമാണ്. അവിടെ ദരിദ്രരുടെ ന്യായം മറിച്ചുകളയുന്നത് ഗൗരവാവഹമായ കുറ്റമാണ്. ദരിദ്രന്മാരെ കരുതുക എന്നതു ദൈവവചനത്തിൽ വലിയ പ്രാധാന്യം കൊടുത്തിരിക്കുന്ന വിഷയമാണ്. ഈ ബന്ധത്തിൽ ചില വാക്യങ്ങൾ പരിശോധിക്കുന്നതു നന്നായിരിക്കും.

**1. യാക്കോബ് 1:27** "പിതാവായ ദൈവത്തിന്റെ മുമ്പാകെ ശുദ്ധവും നിർമ്മലവുമായുള്ള ഭക്തിയോ: അനാഥരെയും വിധവമാരെയും അവരുടെ സങ്കടത്തിൽ ചെന്നു കാണുന്നതും ലോകത്താലുള്ള കളങ്കം പറ്റാതവണ്ണം തന്നെ ത്താൻ കാത്തുകൊള്ളുന്നതും ആകുന്നു". യഥാർത്ഥഭക്തൻ ദരിദ്രന്മാരെ കരുതുകയും സങ്കടത്തിൽ ആശ്വസിപ്പിക്കുകയും ചെയ്യുന്നവനാണ്. ഇതിനു വിപരീതമായി പ്രവർത്തിക്കുന്നവൻ കപടഭക്തനാണ്.

**2. യാക്കോബ് 2:5** "ദൈവം ലോകത്തിൽ ദരിദ്രരായവരെ വിശ്വാസത്തിൽ സമ്പന്നരും തന്നെ സ്നേഹിക്കുന്നവർക്കു വാഗ്ദത്തം ചെയ്ത രാജ്യത്തിന്റെ അവകാശികളുമാകേണ്ടതിന് തിരെഞ്ഞെടുത്തില്ലയോ? നിങ്ങളോ ദരിദ്രനെ അപമാനിച്ചിരിക്കുന്നു". ദരിദ്രന്മാരെ കരുതുന്നതിനുപകരം ധനവാന്മാരോടു കൂട്ടുകൂടുന്നത് ദൈവഹിതത്തിനു വിരുദ്ധമാണ് എന്നു നാം അറിഞ്ഞിരിക്കേണ്ടതാണ്.

**3. സദൃശവാക്യങ്ങൾ 19:17** "എളിയവനോടു കൃപ കാണിക്കുന്നവൻ യഹോവയ്ക്കു വായ്പ കൊടുക്കുന്നു". എളിയവനെ സഹായിക്കുന്നത് യഹോവയ്ക്കു വായ്പ കൊടുക്കുന്നതിനു തുല്യമാണ്. അതുകൊണ്ട് യഹോവ ആ കടം പകരം കൊടുത്തുവീട്ടുമെന്നു പറയുന്ന എത്രയോ മനോഹരമായ വാക്യമാണിത്. പ്രിയ ദൈവജനമേ ദൈവം കടം വീട്ടുമ്പോൾ കൊടുക്കുന്നതിന്റെ എത്രയോ മടങ്ങു വലുതായിരിക്കും തിരികെ കിട്ടുക എന്നു ഊഹിക്കുവാൻ പ്രയാസമാണ്.

**4. സദൃശവാക്യങ്ങൾ 14:21** "എളിയവരോടു കൃപകാണിക്കുന്നവനോ ഭാഗ്യവാൻ". എളിയവനെ ആദരിക്കുന്നതും സഹായിക്കുന്നതും ദൈവസന്നിധിയിൽ ഭാഗ്യകരമായ പദവിയായിട്ടാണ് കരുതുന്നത് എന്ന് ഈ വാക്യം തെളിയിക്കുന്നു.

കോവിഡ് -19 പോലെയുള്ള പ്രതിസന്ധികളിൽ ദൈവം വിശ്വാസികളെ കൈവിടുകയില്ല എന്ന് നാം അറിഞ്ഞിരിക്കണം. യെശയ്യാവ് 41:10 ൽ യഹോവ അരുളിചെയ്യുന്നു. "യിസ്രായേലേ നീ ഭയപ്പെടേണ്ട ഞാൻ നിന്നോടുകൂടെയുണ്ടു. ഭ്രമിച്ചു നോക്കേണ്ട, ഞാൻ നിന്റെ ദൈവമാകുന്നു. ഞാൻ നിന്നെ ശക്തീകരിക്കും. ഞാൻ നിന്നെ സഹായിക്കും. എന്റെ നീതിയുള്ള വലങ്കൈകൊണ്ടു ഞാൻ നിന്നെ

താങ്ങും...". "യഹോവയായ ഞാൻ നിന്റെ വലങ്കൈ പിടിച്ച് നിന്നോട് ഭയപ്പെടേണ്ട ഞാൻ നിന്നെ സഹായിക്കും''. യഹോവയുടെ വലങ്കൈ വിശ്വാസിയുടെ വലങ്കൈയ്ക്കു പിടിച്ചിരിക്കുന്ന അതിമനോഹരമായ വാഗ്ദത്തമാണ് ഈ വാക്യങ്ങളിൽ നാം കാണുന്നത്. യെശയ്യാവ് 43 ൽ "നീ വെള്ളത്തിൽകൂടി കടക്കുമ്പോൾ ഞാൻ നിന്നോടുകൂടെ ഇരിക്കും. നീ നദികളിൽകൂടി കടക്കുമ്പോൾ അവ നിന്റെ മീതെ കവിയുകയില്ല. നീ തീയിൽകൂടി നടന്നാൽ അഗ്നിജ്വാല നിന്നെ ദഹിപ്പിക്കയില്ല. യെശയ്യാവ് 25:4 ൽ ഭയാനകമായ രംഗങ്ങളിൽ ദൈവം ഒരു ദുർഗ്ഗവും കഷ്ടത്തിൽ ഒരു കോട്ടയും കൊടുങ്കാറ്റിൽ ഒരു ശരണവും ഉഷ്ണത്തിൽ ഒരു തണലും ആയിരിക്കും" ഇന്നത്തെ മഹാമാരിയിൽ നിന്നും രക്ഷിപ്പാൻ ദൈവത്തിനു മാത്രമേ കഴികയുള്ളൂ. അതുകൊണ്ട് ഈ കൃപാലുവായ ദൈവത്തിൽ നമുക്കു ആശ്രയിക്കാം. എല്ലാ വായനക്കാർക്കും ദൈവം പ്രത്യേകം കൃപ നല്കി ഈ കോവിഡു കാലത്തു ഈ മഹാമാരിയിൽ നിന്നും വിടുതൽ നല്കി അനുഗ്രഹിക്കുമാറാകട്ടെ എന്നു ആശംസിക്കുന്നു.

ദൈവനാമത്തിനു മഹത്വമുണ്ടാകട്ടെ.

---

***21-ാം പേജിൽ നിന്നും തുടർച്ച (കൊറോണാ: ഭയമല്ല വേണ്ടത്)***

ളിൽ നിന്നുമുയരുന്നത് സൃഷ്ടിക്കുന്ന ആശങ്കകളും ചില്ലറയല്ല. യു. എസിലെ സെന്റർ ഫോർ ഇൻഫെക്ഷ്യസ് ഡിസീസ് റിസർച്ച് ആൻഡ് പോളിസി (CIDRAP) യിലെ ഗവേഷകരുടെ നിഗമനം ജനസംഖ്യയിൽ 60 മുതൽ 70 വരെ ശതമാനം വരെ ആളുകൾക്ക് രോഗപ്രതിരോധ ശക്തി ലഭിക്കുന്നത് വരെ കോവിഡ് അവസാനിക്കുകയില്ല എന്നതാണ്. പ്രസ്തുത പ്രതിരോധ ശക്തി ലഭിക്കുന്നതിന് 18 മുതൽ 24 വരെ മാസങ്ങൾ വേണ്ടി വരുമെന്നും വ്യക്തമാക്കുന്നു. കോവിഡ് നിർമ്മാർജ്ജനം പ്രവചനാതീതമാണെന്നും മരുന്ന് കണ്ടെത്തിയാൽ പോലും രോഗവ്യാപനം തടയുക ദുഷ്കരമെന്നും ലോകാരോഗ്യ സംഘടനഅത്യാഹിത വിഭാഗം തലവൻ മൈക് റെയ്ൻ.

പ്രതിസന്ധിയെ മറികടക്കേണ്ടത് അതുയർത്തി വിടുന്ന വെല്ലുവിളികളെ സമചിത്തതയോടെ നേരിട്ട് നൂതനസാധ്യതകളെ ഉപയോഗിക്കുകയും പരീക്ഷിക്കുകയും ചെയ്തുകൊണ്ടാണ്. സാമൂഹ്യജീവിതത്തിലെ പല ശീലങ്ങളും ശൈലികളും കൈയ്യൊഴിഞ്ഞു രോഗപ്രതിരോധം ശക്തിപ്പെടുത്തുന്ന പുതിയ സംസ്കാരത്തിലേക്കുള്ള ചുവട് വെപ്പിലൂടെ കോവിഡിനെതിരായ പോരാട്ടത്തിൽ നിതാന്ത ജാഗ്രതയോടെ വ്യാപൃതരായിരിക്കുകയാണ് ഭരണകൂടവും പൊതു സമൂഹവും. ഒരു വിശ്വാസിയെ സംബന്ധിച്ചിടത്തോളം സാഹചര്യങ്ങളുടെ സമ്മർദ്ദങ്ങളാൽ കലങ്ങിമറിയുന്ന ജീവിതാനുഭവങ്ങളാൽ സ്വാധീനിക്കപ്പെടുന്നതല്ല അവന്റെ ആത്മികത. ക്രൈസ്തവ ജീവിതം അനുകൂലാവസ്ഥയിലുള്ള ഒരു കൊയ്ത്തല്ല മറിച്ച് പ്രതികൂലതകളോടും പ്രതിസന്ധികളോടുമുള്ള പോരാട്ടം തന്നെയാണ്. ഏത് സാഹചര്യങ്ങളിലെ ജീവിതവും തനിക്ക് സംതൃപ്തി നല്കുന്നുവെന്നും അനുകൂലവും പ്രതികൂലവുമായ വിവിധ സന്ദർഭങ്ങളെ നേരിടേണ്ടതിനെക്കുറിച്ച് താൻ ശീലിച്ചിട്ടുണ്ടെന്നും പൗലൊസ് ഫിലിപ്പിയർക്കെഴുതിയ ലേഖനത്തിൽ നമ്മെ പഠിപ്പിക്കുന്നുണ്ട് (ഫിലിപ്പിയർ 4:11-13). പത്മോസിന്റെ ഏകാന്തത യോഹന്നാന് സമ്മാനിച്ചത് നിരാശയുടെയോ അസ്വസ്ഥതകളുടെയോ അനുഭവങ്ങളായിരുന്നില്ല.

വേദപുസ്തകം പറയുന്നു 'ഒന്നിനെക്കുറിച്ചും വിചാരപ്പെടരുത്; എല്ലാറ്റിലും പ്രാർത്ഥനയാലും അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടുകൂടെ ദൈവത്തോടു അറിയിക്കയത്രേ വേണ്ടത്. എന്നാൽ സകലബുദ്ധിയേയും കവിയുന്ന ദൈവസമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും നിനവുകളെയും ക്രിസ്തുയേശുവിങ്കൽ കാക്കും (ഫിലി. 4:6,7). ഭയപ്പെടേണ്ടതില്ല, ദൈവത്തിൽ ആശ്രയിക്കാം, വചനത്തെ മുറുകെ പിടിക്കാം. കാലം അതിന്റെ അന്ത്യത്തോടടുക്കുന്നു, ലോകസംഭവങ്ങൾ എല്ലാം തന്നെ കർത്താവിന്റെ വരവിനെവിളിച്ചറിയിക്കുന്നു. ഉത്സാഹത്തിൽ മടുപ്പില്ലാത്തവരായി ആത്മാവിൽ എരിവുള്ളവരായി ശിഷ്ടജീവിതം നമുക്ക് ദൈവത്തിനായി പ്രയോജനപ്പെടുത്താം.

# QUEST 72

(ഈ ലക്കം QUEST-72 ലെ ചോദ്യങ്ങൾ യോവേൽ, ആമോസ്, ഓബദ്യാവ്, യോനാ, മീഖാ, നഹൂം എന്നീ പുസ്തകങ്ങളിൽ നിന്നാണ്)

1. ധൂമ്രവസ്ത്രം ധരിച്ച് നില്ക്കുന്നത് ആര്?
2. ദൈവത്തിന്റെ ജനമായ ആട്ടിൻകൂട്ടം എവിടെയാണ് മേയുന്നത്?
3. ജീവിച്ചിരിക്കുന്നതിനേക്കാൾ മരിക്കുന്നത് നല്ലതെന്ന് പറഞ്ഞ പ്രവാചകൻ ആര്?
4. സീയോൻ പർവ്വതത്തിൽ ഉണ്ടാകുന്ന രക്ഷിതഗണത്തിന്റെ പ്രത്യേകതഎന്ത്?
5. "ഞാൻ പ്രവാചകനല്ല. പ്രവാചകശിഷ്യനുമല്ല. ഇടയനും, കാട്ടത്തിപ്പഴം പെറുക്കുന്നവനും അത്രേ". ആര് ആരോട് പറഞ്ഞു?
6. യഹോവയുടെ ആലയത്തിൽ നിന്നും ഒരു ഉറവ പൊട്ടിപ്പുറപ്പെട്ടത് ഏത് താഴ്‌വരയെയാണ് നനയ്ക്കുന്നത്?
7. സൂര്യൻ ഇരുളായും ചന്ദ്രൻ രക്തമായും മാറിപ്പോകുന്നത് എന്നാണ്?
8. നക്ഷത്രദേവനാര്?
9. നിനെവേക്കാർ ദുർമാർഗ്ഗം വിട്ടുതിരിഞ്ഞുവെന്ന് ദൈവം എങ്ങനെമനസ്സിലാക്കി?
10. യിസ്രായേലിന് അധിപതിയായിരിക്കേണ്ടുന്നവൻ ആരിൽ നിന്നാണ് ഉത്ഭവിക്കുന്നത്?
11. നഹൂമിന്റെ ജന്മദേശം ഏത്?
12. ന്യായവിധിയിൽ നിന്നും രക്ഷപ്പെടുവാൻ ദൈവത്തിൽ വിശ്വസിച്ച് ഉപവാസമെടുത്തതാര്?
13. ഏദോംരാജാവിന്റെ അസ്ഥികളെ ചുട്ട് കുമ്മായമാക്കിയത് ആര്?
14. യോവേലിന്റെ പിതാവിന്റെ പേരെന്ത്?
15. മീഖായുടെ ജന്മദേശം ഏത്?
16. ഒരു കുട്ട പഴുത്ത പഴം ദർശിച്ച പ്രവാചകൻ ആര്?
17. എന്തുകൊണ്ടാണ് മത്സ്യം യോനയെ കരയ്ക്കു ഛർദ്ദിച്ചത്?
18. യഹോവ എഴുന്നേറ്റ് മെതിക്കുവാൻ ആവശ്യപ്പെട്ടത് ആരോടാണ്?
19. യോനായുടെ പിതാവിന്റെ പേരെന്ത്?
20. നദികളുടെ ഇടയിൽ ഇരിക്കുന്നതും ചുറ്റും വെള്ളം ഉള്ളതും സമുദ്രം വാടയും സമുദ്രം മതിലും ആയിരിക്കുന്ന ദേശമേത്?

## പ്രത്യേക ശ്രദ്ധയ്ക്ക്

**ക്വെസ്റ്റ് 72-ലെ ഉത്തരങ്ങൾ റഫറൻസു സഹിതം 2020 സെപ്റ്റംബർ 20 നു മുമ്പായി ഞങ്ങൾക്കു ലഭിക്കത്തക്കവിധം അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.**

**ഉത്തരങ്ങൾ അയയ്ക്കേണ്ട വിലാസം :**

**ക്രൈസ്തവ വനിത, ഗുഡ്ന്യൂസ്, ആക്കുളം റോഡ്, തിരുവനന്തപുരം - 695 011**

## QUEST- 68 ശരി ഉത്തരങ്ങൾ

| | | |
|---|---|---|
| 1. | എഫ്രയീം | ഹോശേയ 7:11 |
| 2. | നിന്റെ രാജ്യം വിഭാഗിച്ചു മേദ്യർക്കും പാർസികൾക്കും കൊടുത്തിരിക്കുന്നു | ദാനീ. 5:28 |
| 3. | കോരേശ് | ദാനീ. 10:1 |
| 4. | യിസ്രായേലിന്റെ | ഹോശേയ 14:4 |
| 5. | ദാര്യാവേശ് | ദാനീ. 9:1 |
| 6. | ദിബ്ളയീം | ഹോശേയ 1:3 |
| 7. | ഏലാം സംസ്ഥാനത്തിലെ ശൂശൻ രാജധാനിയിൽ | ദാനീ. 8:1,2 |
| 8. | യഹോവ | ഹോശേയ 11:1 |
| 9. | ഭൂമിയിൽ ഉണ്ടാകുവാനിരിക്കുന്ന നാല് രാജാക്കന്മാരെ | ദാനീ. 7:17 |
| 10. | ആവെനിലെ | ഹോശേയ 10:8 |
| 11. | ദാനീയേൽ | ദാനീ. 6:10 |
| 12. | ഹോശേയ | ഹോശേയ 9:16 |
| 13. | ദാനീയേൽ | ദാനീ. 4:19 |
| 14. | ഗിലെയാദ് | ഹോശേയ 6:8 |
| 15. | ദൂരാസമഭൂമിയിൽ | ദാനീ. 3:1 |
| 16. | ജനം | ഹോശേയ 4:6 |
| 17. | അര്യോക്ക് | ദാനീ. 2:14 |
| 18. | ഉടയവൻ | ഹോശേയ 2:16 |
| 19. | ഷണ്ഡാധിപന്റെ മുമ്പിൽ | ദാനീ. 1:9 |
| 20. | ബെയേരി | ഹോശേയ 1:1 |

Published by Dr. Charles John, Good News, Akkulam Road, Trivandrum 695 011
Printed at Grace Printers, Muttada. Mob: 9447059891